കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പൂതാടി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)പി4/461/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
വയനാട്, കൽപ്പറ്റ.

തീയതി: 30.08/2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖേന )

പൂതാടി ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : പൂതാടി ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂതാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-6,2-8 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-8,3-9 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ് :</u>

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)പി4/461/17

തീയതി. 30.08.2017.

വയനാട് ജില്ലയിലെ പൂതാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പൂതാടി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.03.2016 മുതൽ 31.03.17 വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ

പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയുംപരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ. പി.എം.രതീഷ് കുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.07.2017 മുതൽ<br>01.08.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീഅഗസ്റ്റ്യൻ ഒ.കെ<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്) |
| | ശ്രീ.എം.സമീർ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഷാജി പി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ജയൻ.പി, ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| ശ്രീമതി.രുഗമിണി സുബ്രഹ്മണ്യൻ | പ്രസിഡണ്ട് | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീമതി.ശ്രീജാ സാബു | വൈസ് പ്രസിഡണ്ട് | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീമതി.ബിന്ദു ദിവാകരൻ | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീ.ജോർജ്ജ് പുൽപ്പാറ | വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീ.റ്റി.ആർ.രവി | പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി | 01.04.2016 മുതൽ 31.03.2017 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|
| ശ്രീ.സിബി വർഗ്ഗീസ് | സെക്രട്ടറി | 01.04.2016 മുതൽ<br>27.09.2016 വരെ |

| | | |
|---|---|---|
| ശ്രീ.ജോയ് ജോൺ | സെക്രട്ടറി | 28.09.2016 മുതൽ 31.03.2017 വരെ |
| ശ്രീ.ശ്രീജിത് എ.ആർ | അസി.സെക്രട്ടറി | 01.04.2016 മുതൽ 20.08.2016 വരെ |
| ശ്രീ.രാജു.ഇ.കെ | അസി.സെക്രട്ടറി | 21.08.2016 മുതൽ 01.03.2017 വരെ |
| ശ്രീമതി.മിനി .കെ.എ | അസി.സെക്രട്ടറി | 02.03.2017 മുതൽ 31.03.2017 വരെ |
| ശ്രീ.അനിൽ കുമാർ | കൃഷി ഓഫീസർ | 01.04.2016 മുതൽ 31.07.2016 വരെ |
| ശ്രീ.പൗലോസ് | കൃഷി ഓഫീസർ | 01.08.2016 മുതൽ 31.03.2017 വരെ |
| ഡോ.കെ.എസ്.രാഘവൻ | വെറ്ററിനറി സർജൻ | 01.04.2016 മുതൽ 25.09.2016 വരെ |
| ഡോ.സജി ജോസഫ് | വെറ്ററിനറി സർജൻ | 26.09.2016 മുതൽ 31.03.2017 വരെ |
| ശ്രീമതി.സിന്ധു.കെ.പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഡോ.ദിനീഷ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01.04.2016 മുതൽ 31.03.2017 വരെ |
| ഡോ.സുരേഷ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01.04.2016 മുതൽ 30.11.2016 വരെ |
| ഡോ.പ്രേമചന്ദ്രൻ | | 01.12.2016 മുതൽ 31.03.2017 വരെ |
| ഡോ.മോഹനൻ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീമതി.ആലീസ്ഷേർലി | ഹെഡ് മിസ്ട്രസ്സ് | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീ.പ്രശാന്ത്.എൻ.എസ് | അസി.എഞ്ചിനീയർ | 01.04.2016 മുതൽ 30.06.2016 വരെ |
| ശ്രീ.ദൊരൈസാമി | അസി.എഞ്ചിനീയർ | 01.07.2016 മുതൽ 31.03.2017 വരെ |
| ശ്രീ.ബിനോയ് അഗസ്റ്റ്യൻ | വി.ഇ.ഒ. | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| ശ്രീമതി.ഷൈനി ഉതുപ്പ് | ടി.ഇ.ഒ | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | സാമ്പത്തിക വിശകലനം | 1-3 | |
| 4 | ഫണ്ട് വിനിയോഗം | 1-4 | |
| 5 | പദ്ധതി അവലോകനം. | 1-5 | |
| 6 | തനത് വരുമാനം. | 1-6 | |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 | |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 | |
| 9 | വാർഷിക കണക്കുകളുടെ പരിശോധന - 2016-17, അപാകങ്ങൾ | 1-9 | |
| | ഭാഗം 2<br>വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 10 | ഇ-ടെണ്ടർ- ടെണ്ടർ ഫോറംവില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല. | 2-1 | |
| 11 | കളക്ഷൻ കുറവ് അടവാക്കി | 2-2 | |
| 12 | കളക്ഷൻ അക്കൗണ്ടിൽ വരവ് വന്നില്ല | 2-3 | |
| 13 | സാംഖ്യ സ്റ്റേഷനറികൾ സ്റ്റേഷനറി നമ്പറിന്റെ ക്രമത്തിൽ വിതരണം ചെയ്യുന്നില്ല. | 2-4 | |
| 14 | കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ | 2-5 | |
| 15 | 2016-17 ലെ വസ്തുനികുതി കുടിശ്ശിക 42,77,727/- രൂപ | 2-6 | |
| 16 | റിസോർട്ടിലെ മുഴുവൻ കോട്ടേജുകൾക്കും നികുതി നിർണ്ണയിച്ചില്ല. | 2-7 | |
| 17 | സ്വകാര്യഹോസ്റ്റൽ, ഹോംസ്റ്റേ, ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ തുടങ്ങിയവയ്ക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചില്ല. | 2-8 | |

| | | | |
|---|---|---|---|
| | ഭാഗം-3<br>ചെലവ് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 18 | പെയിൻ &പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ മരുന്നിനായി വാങ്ങിയ തുക ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു - തടസ്സം 160000 രൂപ. | 3-1 | |
| 19 | കേണിച്ചിറ പി.എച്ച്.സി.റീ വയറിംഗ്-പ്രവൃത്തി നടത്തിയിട്ടില്ല. തടസ്സം 393750 രൂപ | 3-2 | |
| 20 | ഇ.എം.എസ് ലോൺ തിരിച്ചടവ്- രേഖകൾ സൂക്ഷിച്ചിട്ടില്ല – തടസ്സം 8030386 രൂപ. | 3-3 | |
| 21 | വിവിധ സ്ഥാപനങ്ങൾക്കുള്ള വാങ്ങലുകൾ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പാലിക്കുന്നില്ല. | 3-4 | |
| 22 | കുട്ടികൾക്കും ഭിന്നശേഷിക്കാർക്കും മരുന്ന് വാങ്ങൽ - പിൻവലിച്ച തുക മരുന്ന് വാങ്ങാതെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. - തടസ്സം 402,700/-രൂപ | 3-5 | |
| 23 | ജലനിധി പദ്ധതി - നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി കൃത്യമായ പരിശോധന നടത്തുന്നില്ല. | 3-6 | |
| 24 | യുവജനങ്ങൾക്ക് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്ക് സബ്സിഡി - പ്രവർത്തനമാരംഭിക്കാത്ത സംരംഭത്തിന്റെ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകി | 3-7 | |
| 25 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ - വിശദവിവരങ്ങൾ ലഭ്യമല്ല. | 3-8 | |
| 26 | അങ്കണവാടിയിലെ പോഷകാഹാര വിതരണ പദ്ധതികൾ – കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിൽ കുറവ് | 3-9 | |
| 27 | മെഡിക്കൽ ഓഫീസർ (ആയുർവേദം) നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ നാളിതുവരെയായി മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. | 3-10 | |
| 28 | കർഷക സമിതികൾക്ക് റോക്കർ സ്പ്രേയർ വിതരണം- ഗുണഭോക്താക്കളെ ഗ്രാമസഭയിൽ നിന്നും തെരഞ്ഞെടുത്തിട്ടില്ല. | 3-11 | |
| 29 | തുടർ സാക്ഷരത- അനുമതിയില്ലാത്ത ഇനങ്ങൾക്ക് തുക ചെലവഴിച്ച- 77,000/- രൂപ നിരാകരിക്കുന്നു. | 3-12 | |
| 30 | ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി തുക പണമായി വിതരണം ചെയ്തു. | 3-13 | |

| | | | |
|---|---|---|---|
| 31 | എസ്.ടി സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് - തുടർ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുന്നില്ല. | 3-14 | |
| 32 | ഫർണ്ണീച്ചർ വാങ്ങൽ - ഒരേ ഇനത്തിന് ലഭിച്ച ടെണ്ടറുകളിൽ വ്യത്യസ്ത നിരക്ക് രേഖപ്പെടുത്തിയത് അംഗീകരിച്ച് നൽകി. | 3-15 | |
| 33 | ഗവ:ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള മരുന്ന് വാങ്ങൽ – മരുന്ന് ലഭ്യമാക്കിയിട്ടില്ല | 3-16 | |
| 34 | പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കാത്തതിനാൽ അധികച്ചെലവ് | 3-17 | |
| 35 | എല്ലക്കൊല്ലി കോളനി റോഡ് ടാറിംഗ്- ടെണ്ടർ എടുത്ത് കരാർ വെച്ച ശേഷം എസ്റ്റിമേറ്റ് പുതുക്കിയത്- സംബന്ധിച്ച് | 3-18 | |
| 36 | നെയ്ക്കുപ്പ കോളനി പുഴയുടെ സൈഡ് സംരക്ഷണം- കമ്പി വാങ്ങിയത്- കൺവീനറുടെ ചെലവിനേക്കാൾ കൂടുതൽ തുക അനുവദിച്ചു | 3-19 | |
| | ഭാഗം 4-<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 39 | വായ്പ /വായ്പ തിരിച്ചടവ് | 4-4 | |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 41 | ഓഡിറ്റ് റിക്കവറി | 4-6 | |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ബഡ്ജറ്റ് പഞ്ചായത്ത് തീരുമാനം നമ്പർ 11/2016 തീയതി 31.10.2016 പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 25.03.2017 ന് 01/2017 തീരുമാനം പ്രകാരം പുതുക്കി. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി

സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.
1111

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.17 | 13.07.2017 | - | - |

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 15947882 |
| വരവ് | 148106983 |
| ആകെ | 164054865 |
| ചെലവ് | 142071114 |
| നീക്കിയിരിപ്പ് | 21983751 |

## 1-4 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| പ്ലാൻ ജനറൽ (വികസന ഫണ്ട്,സി.എഫ്.സി. ലോകബാങ്ക് വിഹിതം) | 0 | 36599423 | 36599423 | 36599423 | 0 |
| പ്ലാൻ എസ്.സി.പി | 0 | 1337012 | 1337012 | 1337012 | 0 |
| പ്ലാൻ ടി.എസ്.പി | 0 | 14360921 | 14360921 | 14360921 | 0 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 4235697 | 4235697 | 4235697 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 4317534 | 4317534 | 4317534 | 0 |
| ജനറൽ പർപ്പസ് | 5223772 | 13312164 | 18535936 | 16861454 | 12674482 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | (എണ്ണം) | | ശതമാനം |
|---|---|---|---|---|---|---|
| 207 | 93828032 | 128 | 60850587 | 9 | 79 | 19.32% |

## 1-6 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതുവരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ്/കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം/ കുറവ് | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4433058 | 3777863 | 655195 | (-)17.3 |
| നികുതിയേതര വരവുകൾ | 507932 | 487085 | 20847 | (-)4.3 |
| മറ്റ് വരവുകൾ | 260529 | 256586 | 3943 | (-)1.5 |
| ആകെ | 5201519 | 4251534 | 679985 | (-)15.99 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.07.2017 ന് 10.45 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7,524/- രൂപ (ഏഴായിരത്തി അഞ്ഞൂറ്റി ഇരുപത്തിനാല് രൂപാ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.02.2017 വരെ | 01.10.2016 മുതൽ 31.12.2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.06.2012 മുതൽ 11.07.2012 വരെ | 2007-08 മുതൽ 2011-12 വരെ | 13.08.2012 |

## 1-9 വാർഷിക കണക്കുകളുടെ പരിശോധന – 2016-17, അപാകങ്ങൾ

2016-17 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. വാർഷിക കണക്കിൽ നീക്കിയിരിപ്പ് പറയുന്ന Treasury – own fund- VPFA 1-2 ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.
2. ട്രഷറി TSB അക്കൗണ്ട് നീക്കിയിരിപ്പ് വാർഷിക കണക്കുകൾ, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സുൽത്താൻ ബത്തേരി ശാഖയിലെ 57068379554 നം. അക്കൗണ്ടിൽ 10,45,120/- രൂപ നീക്കിയിരിപ്പുണ്ട്. ഇത് ഏതൊക്കെ ഇനങ്ങളാണെന്നത് സംബന്ധിച്ച് വിശദീകരണങ്ങളില്ല.
4. കാനറാ ബാങ്കിലെ അക്കൗണ്ട് നം. 0834101026384 (നീക്കിയിരിപ്പ് - 9,709/-രൂപ), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സുൽത്താൻ ബത്തേരി അക്കൗണ്ട് നം. 67105960512 (നീക്കിയിരിപ്പ്-6,45,105/-) കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ട് നം. 40121100112785(നീക്കിയിരിപ്പ്-9,21,234/-), കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ട് നം. 40121100111662(നീക്കിയിരിപ്പ്-9,21,234/-) എന്നിവയിൽ നീക്കിയിരിപ്പുണ്ടെങ്കിലും ഇടപാടുകൾ നടത്തുന്നില്ല. പല ബാങ്ക് അക്കൗണ്ടുകളും ഏതാവശ്യത്തിനു ള്ളതാണെന്നത് വ്യക്തതയില്ല.
5. കേരള ഗ്രഗാമീൺ ബാങ്ക് അക്കൗണ്ട് നം. 40121110100060-ൽ വാർഷിക കണക്ക് പ്രകാരം 1,42,072/- രൂപ (5/07/2014) നീക്കിയിരിപ്പ് ഉണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്ക് സ്റ്റേറ്റ്മെന്റോ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റോ ഹാജരാക്കിയിട്ടില്ല.
6. വിവിധ നികുതി/നികുതിയേതര വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല.
7. വിവിധ നികുതി/നികുതിയേതര വരവിനങ്ങളുടെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല.
8. വസ്തുനികുതി ഡിമാന്റ്,വരവ് എന്നിവ വാർഷിക കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
9. ടെണ്ടർ ഫോം വിൽപ്പന രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിട്ടില്ല.
10. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി വരവ് തുക ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലെ തുകയും തൊഴിലുറപ്പ് പദ്ധതി ക്യാഷ്ബുക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
11. ഐ.സി.ഡി.എസ്. കേന്ദ്രവിഹിതമായി ലഭിച്ച തുക ഗ്രാമപഞ്ചായത്തിന്റെ STSBഅക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്. കേന്ദ്രവിഹിതം പ്രത്യേകം ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിക്കേണ്ടത്.
12. ഇ.എം.എസ്. ഭവനപദ്ധതി വായ്പ, വായ്പാ തിരിച്ചടവ് പലിശ കണക്കാക്കിയത് സംബന്ധിച്ച് സർക്കാർ നിർദ്ദേശ പ്രകാരമുള്ള രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
13. ബാലൻസ്ഷീറ്റ് പ്രകാരം 17,500/- രൂപ സ്ഥിരം നിക്ഷേപം ഉണ്ട്. എന്നാൽ ഇത് സംബന്ധിച്ച് രേഖകളൊന്നുംതന്നെ ഹാജരാക്കിയിട്ടില്ല.
14. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 58 പ്രകാരമുള്ള നടപടി സ്വീകരിച്ച് രേഖകൾ ഹാജരാക്കിയിട്ടില്ല.
15. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടുകളിൽ നീക്കിയിരുപ്പുള്ള തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുക ചെലവായതാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
16. ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
17. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ വാങ്ങുന്ന സാധനങ്ങൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/2016-17തീയതി 31/07/2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഇ-ടെണ്ടർ- ടെണ്ടർ ഫോറംവില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല.

അസി.എഞ്ചിനീയർ 2016-17 വർഷത്തിൽ ചുവടെ വിവരിച്ച പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫോറം വില/ഫീ ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിൽ

ലഭ്യമായിട്ടില്ല. ഇതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം | ടെണ്ടർ തിയ്യതി | പ്രവൃത്തി | അടങ്കൽ | ഫോറം വില | ആകെ ടെണ്ടറുകൾ | തുക |
|---|---|---|---|---|---|---|
| 1 | 3.2.17 | അതിരാറ്റ് പാടി അതിരാറ്റ്കുന്ന് റോഡ് റീ ടാറിംഗ് | 500000 | 1000 | 1 | 1000 |
| 2 | 3.2.17 | കോടക്കൊല്ലി ചീയമ്പം റോഡ് റീടാറിംഗ് | 500000 | 1000 | 2 | 2000 |
| 3 | 3.2.17 | ഓർക്കടവ് റോഡ് റീടാറിംഗ് | 500000 | 1000 | - | - |
| 4 | 3.2.17 | ചാത്തമംഗലംകു ന്ന് റോഡ് റീ സോളിംഗ് | 500000 | 1000 | - | - |
| 5 | 3.2.17 | ഉത്തിലേരി റോഡ് റീ ടാറിംഗ് | 700000 | 1400 | 2 | 2800 |
| 6 | 3.2.17 | തൊപ്പിപ്പാറ വെള്ളിമല റോഡ് റീ ടാറിംഗ് | 500000 | 1000 | 2 | 2000 |
| 7 | 3.2.17 | വാളവയൽ ഹെൽത്ത് സെൻറർ പുതു നിലം കുരിശിങ്കൽ റോഡ് റീ ടാറിംഗ് | 500000 | 1000 | - | - |
| 8 | 3.2.17 | താഴത്തങ്ങാടി കൂടല്ലൂർ മൂടക്കൊല്ലി റോഡ് റീ ടാറിംഗ് | 1000000 | 2000 | 1 | 2000 |
| 9 | 3.2.17 | വാകേരി എച്ച്.എസ് കല്ലൂർക്കുന്ന് റോഡ് റീ ടാറിംഗ് | 500000 | 1000 | 2 | 2000 |
| 10 | 3.2.17 | പൂതാടി എസ്.എൻ.എച്ച്.എസ് സ്കൂൾ അംബേദ്കർ കോളനി റോഡ് റീ ടാറിംഗ് | 500000 | 1000 | - | - |
| 11 | 3.2.17 | പുഞ്ചാക്കുന്ന് നടവയല് റോഡ് റീ ടാറിംഗ് | 500000 | 1000 | 1 | 1000 |
| 12 | 3.2.17 | എരുമത്താരി റോഡ് കോൺക്രീറ്റ് & ടാറിംഗ് | 500000 | 1000 | 1 | 1000 |
| 13 | 3.2.17 | അരിമുള പാൽനട കോളനി റോഡ് കോൺക്രീറ്റ് | 500000 | 1000 | 2 | 2000 |
| 14 | 3.2.17 | പി.എച്ച്.സി ഐ.പി ബ്ലോക്ക് ടൈലിംഗ് പ്രവൃത്തി | 500000 | 1000 | 3 | 3000 |
| 15 | 16.2.17 | എരുമത്താരി റോഡ് കോണ്ക്രീറ്റിംഗ് & ടാറിംഗ് | 500000 | 1000 | 1 | 1000 |
| 16 | 16.2.17 | താഴത്തങ്ങാടി കൂടല്ലൂർ മൂടക്കൊല്ലി റോഡ് റീ ടാറിംഗ് | 1000000 | 2000 | 1 | 2000 |
| 17 | 16.2.17 | പൂതാടി എസ്.എൻ.എച്ച്.എസ് അംബേദ്കർ കോളനി റോഡ് റീ ടാറിംഗ് | 500000 | 1000 | 1 | 1000 |

| | | | | | | |
|---|---|---|---|---|---|---|
| 18 | 16.2.17 | വാളവയൽ ഹെൽത്ത് സെൻറർ പുതുനിലം കരിശിങ്കൽ റോഡ് | 500000 | 1000 | 2 | 2000 |
| 19 | 16.2.17 | അതിരാറ്റ്കുന്ന് അതിരാറ്റുപാടി റോഡ് റീ ടാറിംഗ് | 500000 | 1000 | 2 | 2000 |
| 20 | 25.2.17 | കോളേരി മുണ്ടിയാനിക്കുന്ന് റോഡ് ടാറിംഗ് | 600000 | 1200 | 3 | 3600 |
| 21 | 25.2.17 | കമ്മ്യൂണിറ്റി ഹാൾ റിപ്പയർ | 652500 | 1302 | - | - |
| | | ആകെ | | | | 30400 |

ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്ക് പ്രകാരം (RP-5) 62715/- രൂപ ടെണ്ടർ ഫോറം വിലയിനത്തിൽ വരവുണ്ട്. എന്നാൽ മേൽ 30,400/- രൂപ വരവായി ലഭിച്ചത് ഈ കണക്കിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. മേൽ തുക പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം നൽകണമെന്നും ഈ തുക ലഭിക്കാനായി പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കണമെന്നും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/16-17/31.7.17)മറുപടി നല്കിയിട്ടില്ല. മേൽ തുക ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 കളക്ഷൻ കുറവ് അടവാക്കി

23.03.2016 തിയ്യതിയിൽ 4000/52 മുതൽ 69 വരെ രസീതുകളിലായി 6,554/- രൂപ ഔട്ട്ഡോർ കളക്ഷനായി പിരിച്ചെടുത്തിട്ടുണ്ടെങ്കിലും 5,986/-രൂപ മാത്രമേ ഓഫീസിൽ അടവാക്കിയിട്ടുള്ളു. അടവാക്കാൻ ബാക്കിയുള്ള 568/- രൂപ അടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 കളക്ഷൻ അക്കൗണ്ടിൽ വരവ് വന്നില്ല

03.02.2017 ൽ 5,331/-രൂപ തനത് വരുമാനമിനത്തിൽ കളക്ഷനുണ്ടെങ്കിലും ആയത് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടായ പൂതാടി സർവ്വീസ് സഹകരണബാങ്കിലെ 2084 നമ്പർ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 22 /16-17/01.08.17 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ തുക തനത് അക്കൗണ്ടിൽ വരവ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 സാംഖ്യ സ്റ്റേഷനറികൾ സ്റ്റേഷനറി നമ്പറിന്റെ ക്രമത്തിൽ വിതരണം ചെയ്യുന്നില്ല.

03.01.17 ന് സാംഖ്യ സ്റ്റേഷനറി 7549822 മുതൽ 7550001 വരെയുള്ളവയാണ് ഫ്രണ്ട് ഓഫീസിലേയ്ക്ക് നല്കിയതെങ്കിൽ 16.03.17 മുതൽ 02.05.17 വരെ നല്കിയത് 7545055 മുതൽ 7547062 വരെയുള്ളവയാണ്. സാംഖ്യ സ്റ്റേഷനറി ക്രമത്തിലല്ലാതെ നല്കിയത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 22 /16-17/01.08.17 ന് മറുപടി ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 2-5 കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

സർക്കുലർ നം. 12900/ആർ.എ1/2015/തസ്വഭവ/02.12.2015 പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്ററിലെ വിവരങ്ങൾ വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്. ശൂന്യമായി ഇടുന്ന വരികളും പേജുകളും റദ്ദ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും ഫ്രണ്ട് ഓഫീസിൽ നിന്ന് നൽകുന്ന കറണ്ട് നമ്പറിന്റെ അടിസ്ഥാനത്തിൽ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സമയക്രമത്തിൽ നടപടിയെടുക്കേണ്ടതാണ്. എല്ലാ മാസവും സെക്രട്ടറിയോ സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ രജിസ്റ്റർ പരിശോധിച്ച് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടുണ്ടെന്നും രജിസ്റ്ററിലെ ക്രമനമ്പർ പ്രകാരം നടപടിയെടുത്തുവെന്നും ഉറപ്പുവരുത്തേണ്ടതാണ്. പരിശോധിച്ച വിവരം തിയ്യതി

വെച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ പൂതാടി ഗ്രാമപഞ്ചായത്തിന്റെ കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ മേൽപ്പറഞ്ഞ കാര്യങ്ങൾ ഒന്നും തന്നെ പാലിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 23 /16-1701.08.17ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സർക്കുലർ പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ പൂർത്തിയാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-6 2016-17 ലെ വസ്തുനികുതി കുടിശ്ശിക 42,77,727/- രൂപ

2016-17 ലെ വസ്തുനികുതി കുടിശ്ശിക രജിസ്റ്റർ പരിശോധിച്ചതിൽ 42,77,727/- രൂപ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്. വർഷം തിരിച്ചുള്ള കണക്കുകൾ സൂക്ഷിച്ചിട്ടില്ല. കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 243 പ്രകാരം പഞ്ചായത്തിന് കിട്ടാനുള്ള ഏതെങ്കിലും നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം പിരിച്ചെടുക്കാൻ സാധിക്കുന്നില്ലെങ്കിൽ ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കും. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 21 /16-17/01.08.17 ന് മറുപടി ലഭ്യമാക്കിയില്ല. 2016-17 ലെ വസ്തുനികുതി കുടിശ്ശിക രജിസ്റ്റർ പ്രകാരം പിരിച്ചെടുക്കാനുള്ള 42,77,727/- രൂപയുടെ വസ്തുനികുതി കുടിശ്ശികയിൽ ഈ ഓഡിറ്റ് വർഷം കാലഹരണപ്പെട്ട 2013-14 ലെ കുടിശ്ശിക എത്രയാണെന്ന് കണ്ടെത്തി 2016-17 ൽ സെക്രട്ടറിയുടെ ചുമതല വഹിച്ചവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അതിന് മുൻമ്പുള്ള വർഷങ്ങളിലെ കാലഹരണപ്പെട്ട കുടിശ്ശിക എത്രയാണെന്ന് കണ്ടെത്തി കാലഹരണപ്പെട്ട വർഷം സെക്രട്ടറിയുടെ ചുമതല വഹിച്ചവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

ഏതാനും ഉദാ. താഴെപ്പറയുന്നു.

| ക്രമ നം. | കെട്ടിടനം/തരം | കുടിശ്ശിക |
|---|---|---|
| 1 | 1/423/മൊബൈൽ ടവ്വർ-ഇൻഡസ് | 56,763/- |
| 2 | 1/424/മൊബൈൽ ടവ്വർ-വോഡാഫോൺ | 63,000/- |
| 3 | 2/222-ബി/റിസോർട്ട് | 27,482/- |
| 4 | 2/236/റിസോർട്ട് | 21,802/- |
| 5 | 6/286/മൊബൈൽ ടവ്വർ- | 1,54,980/- |
| 6 | 18/24-റിസോർട്ട് | 46,724/- |
| 7 | 18/22-റിസോർട്ട് | 12,478/- |
| 8 | 18/23-റിസോർട്ട് | 19,565/- |
| 9 | 18/23-A-റിസോർട്ട് | 24,017/- |

## 2-7 റിസോർട്ടിലെ മുഴുവൻ കോട്ടേജുകൾക്കും നികുതി നിർണ്ണയിച്ചില്ല.

1) പൂതാടി പഞ്ചായത്തിലെ 18 വാർഡിലെ ബ്ലൂംസ് റിസോർട്ട്സ് &സർവ്വീസ്ഡ് വില്ലാസ് എന്ന സ്ഥാപനത്തിൽ സ്ഥലപരിശോധന നടത്തി. ഈ സ്ഥാപനത്തിൽ താഴെപ്പറയുന്ന കോട്ടേജുകൾ പ്രവർത്തിക്കുന്നതായി കണ്ടു.

| ക്രമ നം. | കെട്ടിട നമ്പർ | ഉപയോഗം/റിമാർക്സ് |
|---|---|---|
| 1 | 18/14-A | റിസോർട്ട് & റസ്റ്റോറന്റ് |
| 2 | 18/21 | ,, /പഞ്ചായത്തിന്റെ അസ്സ്മെന്റിൽ റിസോർട്ടായി വന്നിട്ടില്ല. |

| | | |
|---|---|---|
| 3 | 18/21-A | ,, /പഞ്ചായത്തിന്റെ അസ്സ്മെന്റിൽ റിസോർട്ടായി വന്നിട്ടില്ല. |
| 4 | 18/22 | റിസോർട്ട് |
| 5 | 18/23 | ,, |
| 6 | 18/23-A | ഈ കോട്ടേജിൽ സ്പാ സൗകര്യമുണ്ട്.<br>എന്നാൽ സ്പായായി അസ്സ്മെന്റിൽ വന്നിട്ടില്ല. |
| 7 | 18/23-B | റിസോർട്ട് |
| 8 | 18/23-C | റിസോർട്ട് |
| 9 | 18/23-D | റിസോർട്ട് /പഞ്ചായത്തിന്റെ അസ്സ്മെന്റിൽ റിസോർട്ടായി വന്നിട്ടില്ല. |
| 10 | 18/23-E | ,, /പഞ്ചായത്തിന്റെ അസ്സ്മെന്റിൽ റിസോർട്ടായി വന്നിട്ടില്ല. |
| 11 | 18/24 | റിസോർട്ട് |
| 12 | 18/25 | റിസോർട്ട് /പഞ്ചായത്തിന്റെ അസ്സ്മെന്റിൽ റിസോർട്ടായി വന്നിട്ടില്ല. |

പഞ്ചായത്തിന്റെ അസസ്മെന്റ് രജിസ്റ്ററിൽ റിസോർട്ടായി വസ്തുനികുതി നിർണ്ണയിക്കാത്ത കെട്ടിടങ്ങൾക്ക് അപ്രകാരം വസ്തുനികുതി നിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) 18ാം വാർഡിലെ ചീങ്ങോട് ബസ്സ് സ്റ്റോപിനടുത്തുള്ള ബ്ലൂംസ് റിസോർട്ടിൽ സ്ഥലപരിശോധന നടത്തിയതിൽ കെട്ടിടനമ്പറിടാത്ത മൂന്ന് കോട്ടേജുകൾ ശ്രദ്ധയിൽപ്പെട്ടു. ഈ കെട്ടിടങ്ങളെ റിസോർട്ടായി പരിഗണിച്ച് വസ്തുനികുതി നിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) 16 ാം വാർഡിലെ ചിരട്ടയമ്പം എന്ന സ്ഥത്തുള്ള ബാണാസുര ഹിൽ റിസോർട്ടെന്ന 16/198 നമ്പർ കെട്ടിടത്തിൽ സ്ഥലപരിശോധന നടത്തി. ഈകെട്ടിടം പാർപ്പിടമായാണ് അസസ് ചെയ്തിട്ടുള്ളത്. ഈ കെട്ടിടത്തെ റിസോർട്ടായി പരിഗണിച്ച് വസ്തുനികുതി നിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-8 സ്വകാര്യഹോസ്റ്റൽ, ഹോംസ്റ്റേ, ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ തുടങ്ങിയവയ്ക്കുള്ള അടിസ്ഥാനവസ്തുനികുതി നിരക്ക് നിശ്ചയിച്ചില്ല.

സ.ഉ(അ)നം.36/2015/തസ്വഭവ തിയ്യതി 24/02/15 പ്രകാരം സ്വകാര്യഹോസ്റ്റൽ, ഹോംസ്റ്റേ എന്നിവയ്ക്ക് യഥാക്രമം 30/- രൂപയും, 60/- രൂപയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവയ്ക്ക് യഥാക്രമം 3/- രൂപയും, 6/- രൂപയും മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർ പ്രൈസസ് ഡെവലപ്പ്മെന്റ് ആക്റ്റ് 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്ക് യഥാക്രമം 15/- രൂപയും, 25/- രൂപയും ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾക്ക് യഥാക്രമം 150/- രൂപയും, 160/- രൂപയുമാണ് കുറഞ്ഞതും കൂടിയതുമായ അടിസ്ഥാനവസ്തുനികുതി നിരക്കായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാളിതുവരെയായിട്ടും പൂതാടി ഗ്രാമപഞ്ചായത്ത് അടിസ്ഥാന വസ്തുനികുതി നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല. ആയത് എത്രയും പെട്ടെന്ന് വിജ്ഞാപനം ചെയ്ത് 24.02.2015 മുതൽ അത്തരത്തിലുള്ള കെട്ടിടങ്ങളുടെ പുനർനിർണ്ണയിച്ച് വസ്തുനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പെയിൻ &പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ മരുന്നിനായി വാങ്ങിയ തുക ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു - തടസ്സം 160000 രൂപ.

| | |
|---|---|
| പ്രോജക്ട് നമ്പർ | 45/2017 |
| പ്രോജക്ടിന്റെ പേര് | പെയിൻ &പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ |
| അടങ്കൽ | 4,65,000/- വികസന ഫണ്ട് |
| ബിൽ നമ്പർ | 2/16-17 തീയതി -15/1/17 തുക – 64684 |
| | 4/16-17 തീയതി - 28/1/17 തുക – 23240 |
| | 5/16-17 തീയതി -29/03/17 തുക – 196450 |
| | 9/16-17 തീയതി -30/03/17 തുക – 160000 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |

ഗ്രാമപഞ്ചായത്ത് പ്രൈമറി ഹെൽത്ത് സെന്ററിന്റെ കീഴിലുള്ള പാലിയേറ്റീവ് സൊസൈറ്റിയിലേക്ക് മരുന്ന് വാങ്ങുന്നതിനും പാലീയേറ്റീവ് പ്രവർത്തനങ്ങളുടെ മറ്റ് ചെലവുകളും നടത്തുന്നതിന് മേൽ ബില്ലുകൾ പ്രകാരം 4,44,374/- രൂപ പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. ബിൽ നമ്പർ 9/16-17 തീയതി -01/03/17 തുക – 1,60,000/- രൂപ പിൻവലിച്ച് മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകാതെ മെഡിക്കൽ ഓഫീസറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതായി ഹാജരാക്കിയ രേഖകളിൽ കാണുന്നു. എന്നാൽ ഓഡിറ്റ് തീയതി വരെ മരുന്ന് ലഭിക്കുന്നതിന് വേണ്ടി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഒടുക്കിയിട്ടില്ല. മരുന്നുകൾ അത്യാവശ്യമാണ് എന്നിരിക്കെ തുക ഒടുക്കാതെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നത് ക്രമ വിരുദ്ധമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12 /16-17 തീയതി 31/7/17 ക്ക് മറുപടി നൽകിയിട്ടില്ല. ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന 1,60,000/- രൂപ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് വിശദീകരികരണം ലഭ്യമാക്കേണ്ടതാണ്.

## 3-2 കേണിച്ചിറ പി.എച്ച്.സി.റീ വയറിംഗ്- പ്രവൃത്തി നടത്തിയിട്ടില്ല. തടസ്സം 393750 രൂപ

| | |
|---|---|
| പ്രോജക്ട് നമ്പർ | 245/2017 |
| പ്രോജക്ടിന്റെ പേര് | കേണിച്ചിറ പി.എച്ച്.സി.റീ വയറിംഗ് |
| അടങ്കൽ | 43750 വികസന ഫണ്ട് |
| | 3,50,000/- മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ബിൽ നമ്പർ | 12/16-17 തീയതി -30/03/17 തുക – 3,50,000/- |
| | 13/16-17 തീയതി - 30/03/17 തുക – 43750 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |

കേണിച്ചിറ പ്രൈമറി ഹെൽത്ത് സെന്റർ റീ-വയറിംഗ് നടത്തുകയാണ് പദ്ധതി ലക്ഷ്യം. പ്രവർത്തനങ്ങളുടെ മറ്റ് ചെലവുകളും നടത്തുന്നതിന് മേൽ ബില്ലുകൾ പ്രകാരം തുക പിൻവലിച്ച് കോഴിക്കോട്ടുള്ള പൊതുമരാമത്ത് വകുപ്പ്, ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ വയറിംഗ് പ്രവൃത്തികൾ നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. വയറിംഗ് നടപടികൾ പൂർത്തിയാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 11/16-17 തീയതി 26/7/17 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വയറിംഗ് പ്രവൃത്തികൾ നടത്താത്തതിനാൽ ചെലവഴിച്ച 3,93,750/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 ഇ.എം.എസ് ലോൺ തിരിച്ചടവ്-രേഖകൾ സൂക്ഷിച്ചിട്ടില്ല – തടസ്സം 80,30,386/- രൂപ.

ഇ.എം.എസ് ഭവനപദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി എടുത്ത വായ്പ തിരിച്ചടവിനായി താഴെപ്പറയുന്ന പ്രോജക്ടുകൾ മുഖേന തുക പിൻവലിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 48 /2017 |
| പ്രോജക്ടിന്റെ പേര് | ഇ.എം.എസ് ലോൺ തിരിച്ചടവ് |
| അടങ്കൽ | 6385360 വികസനഫണ്ട് - ജനറൽ |
| | 1645026 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ആകെ | 8030386 |
| ബിൽ നമ്പർ | 18/16-17 തീയതി - 16/02/17 തുക – 2126174 |
| | 20/16-17 തീയതി - 24/03/17 തുക – 4259186 |
| | 21/16-17 തീയതി - 24/03/17 തുക – 1645026 |
| | ആകെ 803038 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) ഇ.എം.എസ്. ഭവനവായ്പ പദ്ധതി സംബന്ധിച്ച് സർക്കാർ നിർദ്ദേശ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

2) തൻവർഷം പദ്ധതി തുകയിൽ നിന്നും പിൻവലിച്ച തുക വായ്പ അക്കൗണ്ടിലേക്ക് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3)വായ്പ തുകയുടെ പലിശ വിവരം കണക്കാക്കുകയും ആയത് കാലാകാലങ്ങളിൽ ബാങ്കിന് സർക്കാർ നൽകിയ തുകയുമായി
ഒത്തുനോക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. ഇ.എം.ഭവന വായ്പ പദ്ധതിക്കായി എടുത്ത ആകെ വായ്പ തുക, കാലാകാലങ്ങളിൽ ആയതിന് കണക്കാക്കിയ പലിശ (ഗ്രാമ പഞ്ചായത്തും വായ്പ നൽകിയ ബാങ്കും കണക്കാക്കിയത് ഒത്തു നോക്കിയതിന്റെ വിവരം ഉൾപ്പടെ ലഭ്യമാക്കണം), നാളിതുവരെ വായ്പ മുതലിലേക്ക് ഒടുക്കിയ തുക, പലിശ ഇനത്തിനൽ സംസ്ഥാന സർക്കാർ ബാങ്കിന് നൽകിയ തുകയുടെ വിവരം എന്നിവയുടെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇ.എം.എസ്. ഭവനവായ്പ പദ്ധതി സംബന്ധിച്ച് വിശദമായ രേഖകൾ സൂക്ഷിക്കാത്തത് ഗുരുതരമായ പിഴവാണെന്ന കാര്യം അറിയിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/16-17 തീയതി 31/7/17 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രകാരം ചെലവഴിച്ച 80,30,386/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 വിവിധ സ്ഥാപനങ്ങൾക്കുള്ള വാങ്ങലുകൾ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പാലിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തിലെ കൈമാറിക്കിട്ടിയതോ, തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ളതോ തദ്ദേശ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കോ സാധനങ്ങളോ സേവനങ്ങളോ ആവശ്യമായി വരുമ്പോൾ ആകെ ആവശ്യങ്ങൾ കണക്കാക്കി പൊതു ആവശ്യമായി വരുന്ന സാധനങ്ങളും സേവനങ്ങളും മൊത്തമായി വാങ്ങി വിതരണം നടത്തേണ്ടതാണ്. പൊതു നിർവ്വഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ സെക്രട്ടറി ഇത്തരം വാങ്ങലുകൾ നടത്തേണ്ടതാണ്. എന്നാൽ തൻവർഷം ആയത് പാലിക്കാതെ വിവിധ നിർഹണ ഉദ്യോഗസ്ഥൻമാർ മുഖേന ഗ്രാമപഞ്ചായത്തിന്റെ താത്പര്യത്തിനും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി വാങ്ങലുകൾ നടത്തിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

I]

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 190/2017 |
| പ്രോജക്റ്റിന്റെ പേര് | കമ്മ്യൂണിറ്റി ഹാളുകൾക്ക് ഫർണിച്ചർ |
| അടങ്കൽ | 457400 വികസന ഫണ്ട് - ടി.എസ്.പി. |
| | 22870 പ്രത്യേക ഗ്രാന്റ് |
| ആകെ | 480270 |
| ബിൽ നമ്പർ | 30/16-17 തീയതി -31/03/17 തുക – 457068 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

II]

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 190/2017 |
| പ്രോജക്റ്റിന്റെ പേര് | കമ്മ്യൂണിറ്റി ഹാളുകൾക്ക് ഫർണിച്ചർ |
| അടങ്കൽ | 150000 വികസന ഫണ്ട് - ടി.എസ്.പി. |
| ബിൽ നമ്പർ | 15/16-17 തീയതി -31/03/17 തുക – 143000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

ഗ്രാമ പഞ്ചായത്ത് പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കമ്മ്യൂണിറ്റി ഹാളുകൾക്ക് ഫർണിച്ചർ വാങ്ങുകയാണ് പദ്ധതി ലക്ഷ്യം. പ്രവർത്തനങ്ങളുടെ മറ്റ് ചെലവുകൾ നടത്തുന്നതിനും മേൽ ബില്ലുകൾ പ്രകാരം തുക പിൻവലിച്ച് തുക ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1) വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

2)പദ്ധതിയുമായി ബന്ധപ്പെട്ട പ്രക്വയർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രോജക്റ്റ് അടിസ്ഥാനത്തിൽ ടെണ്ടർ വിളിച്ച് തുക
ചെലവഴിച്ചു. മേൽ പേരിലും ലക്ഷ്യത്തിലുമുള്ള പ്രോജക്റ്റുകൾ തന്നെ വ്യത്യസ്ഥ നമ്പറുകളിലും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാർ
മുഖേനയും നടപ്പിലാക്കി.

3) വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാർ മുഖേന ഒരേ കമ്പനിയുടെ ഒരേ തരത്തിലുള്ള കസേരകളാണ് വാങ്ങിയത് എന്നിരിക്കെ, പ്രത്യേക
ടെണ്ടറുകൾ വിളിച്ച് ഒരേ വിതരണക്കാർക്ക് ഒരേ തരത്തിലുള്ള ഫർണിച്ചറുകൾക്ക് വ്യത്യസ്ത തുക നൽകി.

4) സെക്രട്ടറി പൊതു നിർവ്വഹണ ഉദ്യോഗസ്ഥനാണെന്നതിനാൽ ഒരേ തരത്തിലുള്ള വാങ്ങലുകൾ സെക്രട്ടറി നടപ്പിലാക്കേണ്ടതായിരുന്നു.
ഇത്തരത്തിൽ പ്രോജക്റ്റുകൾ നടപ്പിലാക്കിയത് വഴി ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചു. ഇത്തരത്തിൽ വാങ്ങലുകൾക്ക് വിശദാമായ
പരിശോധന നടത്തി പ്രൊക്വയർമെന്റ് കമ്മിറ്റി അംഗീകാരം നൽകിയത് തീരുമാനം നമ്പർ 1/2017 തീയതി 27/02/2017 പ്രകാരമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14 /16-17 തീയതി 31/7/17ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. മേൽ അപാകങ്ങൾ പ്രൊക്വയർമെന്റ് കമ്മിറ്റി, ഭരണസമിതി തുടങ്ങിയവ വിശദമായ പരിശോധന നടത്തേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 കുട്ടികൾക്കും ഭിന്നശേഷിക്കാർക്കും മരുന്ന് വാങ്ങൽ-പിൻവലിച്ച തുക മരുന്ന് വാങ്ങാതെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു-തടസ്സം 4,02,700/- രൂപ

| | |
|---|---|
| പ്രോജക്ട് നമ്പർ | 176/2017 |
| പ്രോജക്ടിന്റെ പേര് | കുട്ടികൾക്കും ഭിന്നശേഷിക്കാർക്കും മരുന്ന് വാങ്ങൽ |
| അടങ്കൽ | 402700 വികസന ഫണ്ട് |
| ബിൽ നമ്പർ | 8/16-17 തീയതി -29/03/17 തുക – 402700 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |

കേണിച്ചിറ പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് കുട്ടികൾക്കും ഭിന്നശേഷിക്കാർക്കും ആവശ്യമായ മരുന്ന് വാങ്ങുകയാണ് പദ്ധതി ലക്ഷ്യം. മരുന്ന് വാങ്ങുന്നതിന് മേൽ ബില്ലുകൾ പ്രകാരം തുക മെഡിക്കൽ ഓഫീസറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സുൽത്താൻ ബത്തേരി ശാഖയിലെ 57068379859 നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. മരുന്ന് വാങ്ങുന്നതിനുള്ള തുക നാളിതുവരെ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15 /16-17 തീയതി 31/7/17ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ആശുപത്രിക്ക് ഏറ്റവും അത്യാശ്യമാണെന്നിരിക്കെ മരുന്നുകൾ പണം ലഭ്യമായിട്ടും വാങ്ങാത്തത് ഗുരുതരമായ വീഴ്ചയാണ്. പദ്ധതിക്കായി പിൻവലിച്ച തുക വിനിയോഗിക്കാത്തത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. പദ്ധതിക്കായി പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ച 4,02,700/- രൂപ തടസ്സപ്പെടുത്തുന്നു. കൂടാതെ പ്രത്യേക വിഭാഗങ്ങൾക്ക് മാത്രമായി മരുന്ന് വാങ്ങാനായി തയ്യാറാക്കിയ പദ്ധതി പുരോഗതി വിശദമായ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-6 ജലനിധി പദ്ധതി - നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി കൃത്യമായ പരിശോധന നടത്തുന്നില്ല.

ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് വിഹിതം നൽകുന്നതിനായി താഴെപ്പറയുന്ന പ്രോജക്ടുകൾ മുഖേന തുക പിൻവലിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 49/2017 |
| പ്രോജക്ടിന്റെ പേര് | ജലനിധി വിഹിതം അടക്കൽ (ജനറൽ) |
| അടങ്കൽ | 29,00,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ബിൽ നമ്പർ | 16/16-17 തീയതി - 16/02/17 തുക – 2900000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

II

| | |
|---|---|
| പ്രോജക്ട് നമ്പർ | 30/2017 |
| പ്രോജക്ടിന്റെ പേര് | ജലനിധി പദ്ധതി വിഹിതം അടക്കൽ (TSP) |
| അടങ്കൽ | 1000000 വികസനഫണ്ട് - ടി.എസ്.പി. |
| ബിൽ നമ്പർ | 17/16-17 തീയതി - 16/02/17 തുക – 10,00,000/- |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ടുകളുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പ്രോജക്ട് നമ്പർ - 1/2017 ന് വകയിരുത്തിയ ബില്ലുകൾ പ്രകാരം പിൻവലിച്ച 29,00,000/- രൂപയും പ്രോജക്ട് നമ്പർ - 30/2017 നിർവ്വഹണത്തിന്റെ ഭാഗമായി പിൻവലിച്ച 10,00,000/- രൂപയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള ജലനിധി A/c No. 40121101005969, കേരള ഗ്രാമീൺ ബാങ്ക് കേണിച്ചിറ ബ്രാഞ്ചിൽ നിക്ഷേപിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ രേഖകൾ ഇല്ല. മേൽ പദ്ധതി പ്രകാരം തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

2) ഗുണഭോക്തൃ കമ്മിറ്റികൾ ആവശ്യപ്പെടുന്ന തുക സെക്രട്ടറി അനുവദിച്ചു നൽകുന്നതായി കാണുന്നു. ഓരോ തുകയും നൽകുന്നതിന് മുമ്പ് പദ്ധതി പുരോഗതി സംബന്ധിച്ച് സെക്രട്ടറി പരിശോധന നടത്തുന്നത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ കീഴിൽ സ്വന്തമായി സാങ്കേതിക വിഭാഗം ഉണ്ടായിരിക്കെ, പരിശോധനക്കായി ആയതിന്റെ സേവനം ആവശ്യമായ സന്ദർഭങ്ങളിൽ സെക്രട്ടറി ഉപയോഗപ്പെടുത്തുന്നതായി കാണുന്നില്ല. എങ്ങനെയാണ് പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതെന്നും, ഗുണഭോക്തൃ കമ്മിറ്റികൾ വാങ്ങുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതെന്നും വ്യക്തമാക്കേണ്ടതാണ്.

3) ജലനിധിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ എസ്റ്റിമേറ്റ്, പദ്ധതി ഗുണഭോക്താക്കളുടെ വിവരം (പട്ടികവർഗ്ഗം, പട്ടികജാതി, മറ്റുവിഭാഗം തിരിച്ച്) ഉൾപ്പെടുത്തേണ്ട ഗുണഭോക്തൃവിഹിതം, ഗ്രാമപഞ്ചായത്ത് വിഹിതം, സർക്കാർ വിഹിതം, നാളിതു വരെ പിൻവലിച്ച ഗ്രാമപഞ്ചായത്ത് വിഹിതം, നാളിതുവരെ പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച പട്ടികവർഗ്ഗക്കാരുടെ ഗുണഭോക്തൃവിഹിതം, നാളിതുവരെ അടച്ച വിവിധ നികുതികളുടെ വിവരങ്ങൾ തുടങ്ങിയവ ലഭ്യമല്ല. പ്രസ്തുത വിവരങ്ങൾ പട്ടിക രൂപത്തിൽ നൽകേണ്ടതാണ്.

4) ജലനിധി പദ്ധതിയിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന അതിരാറ്റ്കുന്ന് ബൾക്ക് വാട്ടർ സപ്ലൈസ്കീമിന് വേണ്ടി നിർമ്മിച്ച കിണർ, വാട്ടർ ടാങ്ക് എന്നിവ സ്ഥാപിച്ചിട്ടുണ്ടോ എന്നും വെള്ളം ലഭ്യമാക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ചും വിശദീകരിക്കേണ്ടതാണ്. ആകെ ഗുണഭോക്താക്കളുടെ വിവരങ്ങൾ സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. വിശദമായ പഠന റിപ്പോർട്ട് പ്രകാരം, സാങ്കേതികാനുമതി, ഭരണാനുമതി എന്നിവ പ്രകാരം കിണർ, വാട്ടർ ടാങ്ക് തുടങ്ങിയ അടിസ്ഥാനാവശ്യം ഉൾപ്പെടുത്തിയിട്ടില്ല.

5) കുടിവെള്ള വിതരണ പദ്ധതി ജലനിധി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ഏതെങ്കിലും കുടിവെള്ള പദ്ധതി കൈമാറ്റം ചെയ്തു ഗ്രാമപഞ്ചായത്തിന് ലഭിക്കുകയോ ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. കൈമാറ്റം ചെയ്തിട്ടില്ലെങ്കിൽ ചെയ്യാരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. പ്രസ്തുത കുടിവെള്ളപദ്ധതി നിലവിൽ നടപ്പിലാക്കുന്നതിന് റീ ഹാബിലിറ്റേഷൻ മുഖേന ഉപയോഗപ്പെടുത്താമോ എന്നത് സംബന്ധിച്ചും വിശദീകരിക്കേണ്ടതാണ്. ഏറ്റെടുത്ത പദ്ധതിയിൽ നിലവിൽ കേരള വാട്ടർ അതോറിറ്റി ഗുണഭോക്താക്കളുടെ വിവരങ്ങളും അവരെ ജലനിധിയിൽ ഉൾപ്പെടുത്തിയതിന്റെ വിവരവും നൽകേണ്ടതാണ്.

6) ജലനിധി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകൾ കട്ട് ചെയ്തിട്ടുണ്ടോ? അത്തരം റോഡ് കട്ടിംഗിന് ഗ്രാമപഞ്ചായത്തിൽ നിന്നും ഗുണഭോക്തൃ സമിതികൾ നിയമാനുസൃതം അനുമതി വാങ്ങിയിട്ടുണ്ടോ, റോഡ് കട്ടിംഗ് ചാർജ്ജ് ആയി തുക ഒടുക്കിയിത്, കുടിവെള്ള പൈപ്പ് ലൈനുകൾ സ്ഥാപിച്ചതിന് ശേഷം റോഡുകൾ പൂർണ്ണമായും പൂർവ്വ സ്ഥിതിയിലാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ചും രേഖകളിലും ആയത് വിശദീകരിക്കേണ്ടതാണ്. ഇത്തരത്തിൽ റോഡുകൾ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് നിയമപ്രകാരം ഈടാക്കേണ്ട തുക ഈടാക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിന് വൻതുക നഷ്ടമാവുകയും റോഡ് റിപ്പയറിംഗ് നടത്തുന്നതിനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ടി വരുകയും ചെയ്യുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/16-17 തീയതി 31/7/17 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ച 39,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

റോഡ് കട്ടിംഗ് നടത്തുന്നതിന് നിയമാനുസൃതം നൽകേണ്ട തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്. പദ്ധതി പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

## 3-7 യുവജനങ്ങൾക്ക് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്ക് സബ്സിഡി - പ്രവർത്തനമാരംഭിക്കാത്ത സംരംഭത്തിന്റെ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകി.

| | |
|---|---|
| പ്രോജക്ട് നമ്പർ | 249/2017 |
| പ്രോജക്ടിന്റെ പേര് | യുവജനങ്ങൾക്ക് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്ക് സബ്സിഡി |
| അടങ്കൽ | 6,00,000/- |
| ബിൽ നമ്പർ | 16/16-17 തീയതി -31/03/17 തുക – 200000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

പൂതാടി ഗ്രാമ പഞ്ചായത്തിലെ യുവജനങ്ങൾക്ക് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്ക് സബ്സിഡി മാർഗ്ഗരേഖയുടെ നിർദ്ദേശം പാലിച്ച് ബാങ്ക് വായ്പ അധിഷ്ഠിതമായി ബാക്ക് എന്റ് സബ്സിഡി നൽകുകയാണ് പദ്ധതി ലക്ഷ്യം. ഭരണസമിതി അംഗീകരിച്ച് നൽകിയ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും പദ്ധതി ഗുണഭോക്താവായി പുതുമ കുടുംബശ്രീ യൂണിറ്റിനെ തെരഞ്ഞെടുത്തു.

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1) പദ്ധതി ഗുണഭോക്താവായി തെരഞ്ഞെടുത്തത് പുതുമ കുടുംബശ്രീ യൂണിറ്റിനെയാണ്. എന്നാൽ തുക നൽകിയത് ഈ പേരിലുള്ള ജെ.എൽ.ജി ഗ്രൂപ്പിനാണ്.

2) പ്രോജക്ട് പ്രകാരം തുക നൽകേണ്ടത് ബാക്ക് എന്റ് സബ്സിഡി ആയിട്ടാണ്. എന്നാൽ ജെ.എൽ.ജി ഭാരവാഹികൾക്ക് നേരിട്ട് തുക അനുവദിച്ച

3) പ്രസ്തുത യൂണിറ്റിന് ബാങ്ക് വായ്പ അനുവദിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4) യൂണിറ്റിന് ഗ്രാമപഞ്ചായത്തിൽ നിന്നോ മറ്റ് ഏതെങ്കിലും സർക്കാർ ഏജൻസികളുടെയോ പ്രവർത്തനാനുമതി ഇല്ല. ഇത്തരത്തിൽ യാതൊരു സംരംഭവും ആരംഭിക്കാത്ത വിഭാഗത്തിനാണ് സബ്സിഡി തുക നൽകിയത്.

5) സംയുക്ത ബാധ്യത ഗ്രൂപ്പ് ഇത്തരം സ്ഥാപനം ആരംഭിക്കുന്നതിനുള്ള പ്രവർത്തനാനുമതിക്ക് ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകിയിട്ടില്ല.

6സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വിവരങ്ങളോ രേഖകളോ ഫയലിൽ ഇല്ല.

7) സ്ഥാപനത്തിന് ഉപകരണങ്ങൾ അസംസ്കൃത വസ്തുക്കൾ, മറ്റ് ഫർണിച്ചറുകൾ തുടങ്ങിയവ വാങ്ങിയത് സംബന്ധിച്ച് രേഖകളൊന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ചിട്ടില്ല.

8) ജെ.എൽ.ജി ഗ്രൂപ്പ് രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ സമർപ്പിച്ചിട്ടില്ല.

9) കുടുംബശ്രീ യൂണിറ്റിന്റെ മിനട്സ് പ്രകാരം ( പുതുമ കുടുംബശ്രീയുടെ 22/01/2017 ലെ മിനട്സ്) സംഘാംഗമായ അനുഷദേവി യുടെ ദേവിവിലാസം പ്രൊഡക്ട്സ് ഏറ്റെടുക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ശ്രീമതി അനുഷദേവി 09/09/2016ന് ഗ്രാമ പഞ്ചായത്തിൽ നൽകിയ ലൈസൻസിനുള്ള അപേക്ഷ പ്രകാരം ടിയാളുടെ പേരിൽ തന്നെയാണ് പ്രസ്തുത സംരംഭത്തിനുള്ള ലൈസൻസിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. സംരംഭം ജെ.എൽ.ജി ഗ്രൂപ്പ് ഏറ്റെടുത്തതിന്റെ രേഖകളൊന്നും ഇല്ല. കൂടാതെ ശ്രീമതി അനുഷദേവിയുടെ സ്ഥാപനം പ്രവർത്തിക്കുന്നതിന് തന്നെ കെട്ടിട ഉടമയിൽ നിന്നുമുള്ള വാടക്കകരാറോ ഉടമസ്ഥവകാശമോ ഇല്ല. ഇത്തരത്തിലുള്ള സ്ഥാപനം ജെ.എൽ.ജി ഗ്രൂപ്പ് എങ്ങനെ ഏറ്റെടുക്കും എന്നത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.

10) പദ്ധതി സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനോ മോണിറ്ററിംഗ് സമിതിയോ വർക്കിംഗ് ഗ്രൂപ്പോ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

11) സ്റ്റാർട് അപ് സംരംഭങ്ങൾക്കുള്ള സബ്സിഡി നൽകുന്ന പ്രോജക്ട് ആണ് നടപ്പിലാക്കിയത്. എന്നാൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനം ഏറ്റെടുക്കുന്നതിന് സബ്സിഡി നൽകിയത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.

കൃത്യമായ രേഖകളോ പരിശോധനകളോ നടത്താതെ സബ്സിഡി തുക ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് ക്രമ വിരുദ്ധമാണ്. ഇത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/16-17 തീയതി 26/7/17 ന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. കൃത്യമായ രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 2,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ - വിശദവിവരങ്ങൾ ലഭ്യമല്ല.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ 2016-17 വർഷത്തിൽ നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളിലൂടെ ഫയലുകളിൽ നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പലതും സൂക്ഷിച്ചിട്ടില്ല. വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നമ്പർ | ട്രഷറി ബിൽ നം. | തുക | കുറിപ്പുകൾ |
|---|---|---|---|
| 1 | 4/16-17/ 27.2.17 | 500,000 | സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നല്കിയത്. കൈപ്പറ്റ് ഇല്ല. |
| 2 | 5/16-17 25.3.17 + ചെക്ക് നം. 1598976/ 17.3.17 (തനത് ഫണ്ട്) | 10,33,500 1,29,188/- | പ്രൊജക്ട് നം.186/17 അങ്കണവാടികളുടെ വയറിംഗിന് കോഴിക്കോട് പി.ഡബ്യു.ഡി. ഇല. ഡിവി. എക്സി. എഞ്ചിനീയർക്ക് നല്കിയത്. പദ്ധതി പൂർത്തീകരിച്ചതായി കാണുന്നില്ല. |
| 3 | 9/16-17 31.3.17 | 2,00,000 | പ്രൊജക്ട് നം.80/17 കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്. റിവോൾവിംഗ് ഫണ്ട് തുക ബാങ്കിൽ ക്രെഡിറ്റ് ചെയ്തതിന്റെ വിവരങ്ങളില്ല. അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങളില്ല. രേഖകൾ പൂർത്തീകരിച്ച് ഹാജരാക്കണം. ധനസഹായം കൈപ്പറ്റിയ യൂണിറ്റുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത്, പ്രവർത്തനങ്ങൾ മോണിറ്ററിംഗ് നടത്തി ധനസഹായം റിവോൾവ് ചെയ്യുന്ന എന്നുറപ്പാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. |
| 4 | 10/16-17 31.3.17 | 6,40,000 | പ്രൊജക്ട് നം.80/17 കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്- റിവോൾവിംഗ് ഫണ്ട് തുക ബാങ്കിൽ ക്രെഡിറ്റ് ചെയ്തതിന്റെ വിവരങ്ങളില്ല. അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങളില്ല. ധനസഹായം കൈപ്പറ്റിയ യൂണിറ്റുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത്, പ്രവർത്തനങ്ങൾ മോണിറ്ററിംഗ് നടത്തി ധനസഹായം റിവോൾവ് ചെയ്യുന്ന എന്നുറപ്പാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| | ആകെ | 25,02,688 | |

അപാകതകൾ സംബന്ധിച്ച് വിശദീകരണവും ആവശ്യമായ രേഖകളും ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം.03/2016-17/ 28.7.2017 മുഖേന ആവശ്യപ്പെട്ടിരുന്നു. ഇതിന് മറുപടിയായി രേഖകൾ പൂർത്തീകരിച്ച്, തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ചെലവ് തുകകൾ 25,02,688/- രൂപ തൽക്കാലം തടസ്സത്തിൽ വെക്കുന്നു. രേഖകൾ പൂർത്തീകരിച്ച് ലഭ്യമാക്കേണ്ടതാണ്.

## 3-9 അങ്കണവാടിയിലെ പോഷകാഹാര വിതരണ പദ്ധതികൾ -കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിൽ കുറവ്.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഓഡിറ്റിന് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2016-17 വർഷത്തിൽ അങ്കണവാടിയിലെ പോഷകാഹാര വിതരണത്തിനായി താഴെപ്പറയും വിധം ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്തൃ വിഭാഗം | ഗുണഭോക്താക്കളുടെ എണ്ണം | ഒരാൾക്ക് ഒരു ദിവസത്തേക്ക് ഉള്ള നിരക്ക് | വർഷത്തിൽ 300 ദിവസത്തേക്ക് വേണ്ടി വരുന്ന തുക |
|---|---|---|---|---|
| 1 | 6മാസം മുതൽ 3 വയസ്സ് വരെയുള്ളവർ | 950 | 6 | 17,10,000 |
| 2 | 3 മുതൽ 6വയസ്സ് വരെ | 600 | 6 | 10,80,000 |
| 3 | ഗർഭിണികൾ | 225 | 7 | 4,72,500 |
| 4 | പാലൂട്ടുന്ന അമ്മമാർ | 195 | 7 | 4,09,500 |
| 5 | തൂക്കം കുറഞ്ഞ കുട്ടികൾ | 41 | 9 | 1,10,700 |
| 6 | കൗമാരക്കാരായ പെൺകുട്ടികൾ | 866 | 7 | 18,18,600 |
| | ആകെ | | | 56,01,300 |

ഓഡിറ്റിന് നല്കിയ റിപ്പോർട്ട് പ്രകാരം മേൽ പട്ടികയിലെ ക്രമ നം.1 മുതൽ 5 വരെയുള്ള ചെലവ് തുക 37,82,700/- രൂപയുടെ 50% തുക കേന്ദ്രസർക്കാർ വിഹിതമായി ലഭിക്കേണ്ട തുകയാണ്. അതനുസരിച്ച് 18,91,350/- രൂപ ലഭിക്കേണ്ടതുണ്ട്. എന്നാൽ 10,23,008/-രൂപ മാത്രമാണ് തൻവർഷം ലഭിച്ചിട്ടുള്ളൂ. ബാക്കി തുക ലഭിച്ചിട്ടുണ്ടെങ്കിൽ വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണമെന്നും മുൻവർഷങ്ങളിൽ കേന്ദ്ര വിഹിതം ലഭിക്കുന്നതിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കണമെന്നും ബാക്കി തുക ലഭിച്ചിട്ടില്ലെങ്കിൽ ആയത് ലഭിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കണമെന്നും ഓഡിറ്റ് എൻക്വയറി നം. 7/2016-17/ 31.7.2017 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. തൻവർഷം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച തുക (1891350 - 10,23,008 = 8,68,342/-) രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 3-10 മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ നാളിതുവരെയായി മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല.

1)

| | |
|---|---|
| പ്രോജക്ട് നം. | 129/16-17 -വാകേരി ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ | മെഡിക്കൽ ഓഫീസർ ആയുർവേദം |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| അടങ്കൽ | 2,00000/-(എം.ജി(നോൺ റോഡ്) |
| ബിൽനം | 1)2/16-17 2,00000/- രൂപ തിയ്യതി-15.11.16. |

ഈ പദ്ധതിയിൽ ഇതുവരെ 1,88,998/-രൂപയുടെ മരുന്ന് മാത്രമേ ഔഷധിയിൽ നിന്ന് ലഭിച്ചിട്ടുള്ളൂ. സ്ഥാപനത്തിൽ അവശേഷിക്കുന്ന തുക 11002/- രൂപ

2)

| | |
|---|---|
| പ്രോജക്ട് നം. | 138/16-17 -അഗതി, വൃദ്ധജനങ്ങൾക്കുള്ള ആരോഗ്യ സുരക്ഷാ പദ്ധതി(ജനറൽ വിഭാഗം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| അടങ്കൽ | 8,42,700/- |
| ബിൽനം | 1)ബിൽ നം.09/16-17 7,50,000/-രൂപ തിയ്യതി 19/11/16<br>2) ബിൽ നം.16/16-17 രൂപ 92,700/- തിയ്യതി 25.03.17<br>ആകെ-842,700/- |

ഈ പദ്ധതിയിൽ മരുന്ന് ലഭ്യമാക്കുന്നതിനായി 8,27,515/- രൂപ ഔഷധിക്ക് നല്കിയെങ്കിലും നാളിതുവരെയായി മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭിച്ചിട്ടില്ല.

3)

| | |
|---|---|
| പ്രോജക്ട് നം. | 134/16-17 -അഗതി ,വൃദ്ധജനങ്ങൾക്കുള്ള ആരോഗ്യ സുരക്ഷാ പദ്ധതി(ടി.എസ്.പി വിഭാഗം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ആയുർവേദം |
| അടങ്കൽ | 9,65,250/- |
| ബിൽ നം. | 1)ബിൽ നം.07/16-17 8,50,000/-രൂപ തിയ്യതി 25/11/16<br>2) ബിൽ നം.12/16-17 രൂപ 1,15,250/- തിയ്യതി 25.03.17<br>ആകെ-9,65,250/- |

ഈ പദ്ധതിയിൽ മരുന്ന് ലഭ്യമാക്കുന്നതിനായി 9,65,250/- രൂപ ഔഷധിക്ക് നല്കിയെങ്കിലും നാളിതുവരെയായി 9,42,367/- രൂപയുടെ മരുന്ന് മാത്രമെ ഔഷധിയിൽ നിന്ന് ലഭിച്ചിട്ടുള്ളൂ. സ്ഥാപനത്തിൽ അവശേഷിക്കുന്ന തുക 22,883/- രൂപ.

4)

| | |
|---|---|
| പ്രോജക്ട് നം. | 131/16-17 -കുമാരി സുരക്ഷാപദ്ധതി-വാകേരി ട്രൈബൽ ഹോസ്റ്റലിലെ പെൺകുട്ടികൾക്ക് ആയുർവേദ ചികിത്സ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ആയുർവേദം |
| അടങ്കൽ | 1,36,500/- |

| | |
|---|---|
| ബിൽനം | 1)ബിൽ നം.04/16-17 95,000/-രൂപ തിയ്യതി 19/11/16<br>2) ബിൽ നം.15/16-17 രൂപ 41,500 /- തിയ്യതി 25.03.17<br>ആകെ-1,36,500/- |

ഈ പദ്ധതിയിൽ മരുന്ന് ലഭ്യമാക്കുന്നതിനായി 1,36,500/- രൂപ ഔഷധിക്ക് നല്കിയെങ്കിലും നാളിതുവരെയായി 1,24,331/-രൂപയുടെ മരുന്ന് മാത്രമേ ഔഷധിയിൽ നിന്ന് ലഭിച്ചിട്ടുള്ളു. സ്ഥാപനത്തിൽ അവശേഷിക്കുന്ന തുക 12,169/- രൂപ.

5)

| | |
|---|---|
| പ്രോജക്റ്റ് നം. | 133/16-17 -ജനനി സുരക്ഷാപദ്ധതി-ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും(ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ആയുർവേദം |
| അടങ്കൽ | 1,00,000/- |
| ബിൽനം | 1)ബിൽ നം.05/16-17 95,000/-രൂപ തിയ്യതി 25/11/16<br>2) ബിൽ നം.14/16-17 രൂപ 5,000/- തിയ്യതി 25.03.17<br>ആകെ-1,00000/- |

ഈ പദ്ധതിയിൽ മരുന്ന് ലഭ്യമാക്കുന്നതിനായി 1,00,000/- രുപ ഔഷധിക്ക് നല്കിയെങ്കിലും നാളിതുവരെയായി 99,810/-രുപയുടെ മരുന്ന് മാത്രമേ ഔഷധിയിൽ നിന്ന് ലഭിച്ചിട്ടുള്ളു. സ്ഥാപനത്തിൽ അവശേഷിക്കുന്ന തുക 190/- രൂപ.

6)

| | |
|---|---|
| പ്രോജക്റ്റ് നം. | 130/16-17 പകർച്ചവ്യാധിക്ക് ആയുർവേദ മരുന്ന്(പട്ടികവർഗ്ഗം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ആയുർവേദം |
| അടങ്കൽ | 2,00,000/- |
| ബിൽ നം. | 1)ബിൽ നം.03/16-17 2,00000/-രൂപ തിയ്യതി 19/11/16 |

ഈ പദ്ധതിയിൽ മരുന്ന് ലഭ്യമാക്കുന്നതിനായി 2,00,000/- രുപ ഔഷധിക്ക് നല്കിയെങ്കിലും നാളിതുവരെയായി 1,80,351/-രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. സ്ഥാപനത്തിൽ അവശേഷിക്കുന്ന തുക 19,649/- രൂപ.

ഔഷധിയുമായുള്ള കരാർ (19.12.2016, 31.03.17 തിയ്യതികളിലേതാണ് – ബില്ലുകൾ പണമായി മാറിയത് 11/16,03/2017 മാസങ്ങളിലാണ്) പ്രകാരം മരുന്നുകൾ രണ്ട് മാസത്തിനുള്ളിൽ ലഭിക്കേണ്ടതും ഇല്ലാത്തപക്ഷം ഉണ്ടാകുന്ന നഷ്ടത്തിന് ഔഷധി ഉത്തരവാദിയുമാണ്. എന്നാൽ മരുന്ന് യഥാസമയം ലഭിക്കാത്തതിനാൽ രോഗികൾക്ക് മരുന്ന് യഥാസമയം നല്കാൻ സാധിച്ചിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതും ഇതിൻമേൽ കരാർ വ്യവസ്ഥ പ്രകാരം സ്വീകരിച്ച നടപടിയും വ്യക്തമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 24 /16-17/01 .08.2017 ന് മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ ഈ പദ്ധതിക്കായി ചെലവഴിച്ച 24,44,450/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. സ്ഥാപനത്തിൽ അവശേഷിക്കുന്ന തുകകൾക്കുള്ള മരുന്ന് കൂടി ലഭ്യമായി എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 3-11 കർഷക സമിതികൾക്ക് റോക്കർ സ്പ്രേയർ വിതരണം- ഗുണഭോക്താക്കളെ ഗ്രാമസഭയിൽ നിന്നും തെരഞ്ഞെടുത്തിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ കർഷക സമിതികൾക്ക് റോക്കർ സ്പ്രേയർ വിതരണം ചെയ്യുന്നതിന് താഴെ പറയുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്റ്റ് നം | S-128/17 |
| പ്രോജക്റ്റിന്റെ പേര് | കർഷക സമിതികൾക്ക് റോക്കർ സ്പ്രേയർ വിതരണം |
| അടങ്കൽ | 1,18,800/-(വികസന ഫണ്ട്-88000, ഗു.വിഹിതം- 30800) |
| ചെലവ് | 1,18,800/-(വികസന ഫണ്ട്-88000 ,ഗു.വിഹിതം- 30800) |
| ബിൽ നം. | 08/16-17/28.02.2017 |
| ചെക്ക് നം./തീയ്യതി | 91398/29.03.2017 |

എല്ലാ വാർഡുകളിലുമുള്ള കുരുമുളക് സമിതികൾക്ക് ഒന്ന് വീതം റോക്കർ സ്പ്രേയർ റെയ്ഡ്കോ മുഖാന്തിരം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. 22 സ്പ്രേയറുകൾ വാങ്ങിയതിന് 1,18,800/- രൂപ റെയ്ഡ്കോയ്ക്ക് നൽകി. ഫയൽ പരിശോധിച്ചതിൽ ഗ്രാമസഭയിൽ പ്രത്യേകമായി ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിരുന്നില്ല, ആയത് കണക്കിലെടുത്ത് ഗ്രാമപഞ്ചായത്തിലെ മുഴുവൻ കുരുമുളക് സമിതിയെയും സ്പ്രേയർ പദ്ധതികൾക്കായി തെരഞ്ഞെടുത്തത് ഭരണസമിതി അംഗീകരിച്ചു. ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി, പ്രസ്തുത ഗുണഭോക്തൃ ലിസ്റ്റാണ് പരിശോധനയ്ക്ക് ലഭിച്ചത്. ഇത് പ്രകാരം ഗ്രാമപഞ്ചായത്തിലെ 22 വാർഡുകളിലെയും കുരുമുളക് സമിതികൾക്ക് റോക്കർ സ്പ്രേയർ വിതരണം ചെയ്തു. എന്നാൽ ഇത്തരത്തിലുള്ള ഒരു തീരുമാനം എടുത്തതായി ഭരണസമിതി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി.നം.04/27.07.2017 ന് കൃഷി ഓഫീസർ നൽകിയ മറുപടിയിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ ഗുണഭോക്തൃലിസ്റ്റ് പ്രകാരമാണ് പദ്ധതി നടപ്പാക്കിയതെന്നാണ്. എന്നാൽ ഇതിന് സെക്രട്ടറിയിൽ നിന്നും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അപാകതകൾ കണക്കിലെടുത്ത് ചെലവഴിച്ച 1,18,800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-12 തുടർ സാക്ഷരത- അനുമതിയില്ലാത്ത ഇനങ്ങൾക്ക് തുക ചെലവഴിച്ചു- 77,000 രൂപ നിരാകരിക്കുന്നു.

പാർശ്വവൽക്കരിക്കപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനും വിദ്യാഭ്യാസ നിലവാരത്തിൽ തുല്യത ഉറപ്പാക്കുന്നതിനും 4, 7, 10എന്നീ ക്ലാസ്സുകളിലെ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനുമായിട്ടാണ് തുടർ സാക്ഷരത പദ്ധതി നടപ്പാക്കുന്നത്. തൻവർഷം പദ്ധതിനടത്തിയതിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | S-84/17 |
| പ്രോജക്റ്റിന്റെ പേര് | തുടർ സാക്ഷരത |
| അടങ്കൽ | 1,00,000/-(വികസന ഫണ്ട്-പൊതു വിഭാഗം) |
| ചെലവ് | 1,00,000/- |
| ബിൽ നം. | 07/16-17/15.02.2017 |

വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് 4,7,10 എന്നീ കാസ്സുകളിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുക, പഠനോപകരണങ്ങൾ നൽകുക, ഇൻസ്ട്രക്ടർമാർക്ക് ഹോണറേറിയം നൽകുക, ഡോക്യുമെന്റേഷൻ പരിശീലനം എന്നിവ നടപ്പാക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. മേൽ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും 4,7,10എന്നീ കാസ്സുകളിലെ വിദ്യാർത്ഥികൾക്ക് പ്രാഥമിക വിദ്യാഭ്യാസം

നൽകുന്നതിന് മാത്രമാണ് പ്രോജക്ട് പ്രകാരം തുക വകയിരുത്തിയിട്ടുള്ളത്. ചെലവഴിച്ച തുകയുടെ വിവരം ഇപ്രകാരമാണ്.

| ക്രമ നം. | ഇനം | ചെലവഴിച്ച തുക |
|---|---|---|
| 1 | തുടർ വിദ്യാകേന്ദ്രത്തിലേക്ക് തയ്യൽ മെഷീൻ | 6,950 |
| 2 | തുടർ വിദ്യാകേന്ദ്രത്തിലേക്ക് പ്രിന്റർ | 11,200 |
| 3 | ഹോണറേറിയം | 50,850 |
| 4 | സ്റ്റേഷനറി | 8,000 |
| 5 | പാഠപുസ്തകം,കോഴ്സ് ഫീസ് (സാക്ഷരത മിഷന് നൽകിയത്) | 23,000 |
| ആകെ | | 1,00,000 |

സ.ഉ.(എം.എസ്).4/2016/ത.സ്വ.ഭ.വ തീയ്യതി 11.01.2016 ഖണ്ഡിക 11.6(vii) പ്രകാരം വിവിധ ക്ലാസ്സുകളിലെ പരീക്ഷ എഴുതുന്നവർക്ക് കേരള സംസ്ഥാന സാക്ഷരത മിഷൻ നൽകുന്ന പാഠപുസ്തകങ്ങളുടെ വിലയും കോഴ്സ് ഫീസും അനുവദിക്കാവുന്നതാണ്. ഖണ്ഡിക 7.2 പ്രകാരം പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളമോ ഹോണറേറിയമോ നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇൻസ്ട്രക്ടർമാർക്ക് ഹോണറേറിയം അനുവദിക്കുന്നതിന് മേൽ ഉത്തരവ് പ്രകാരം ഇളവ് നൽകിയിട്ടില്ല.

സ്വയംതൊഴിൽ ആരംഭിക്കുന്നതിന്റെ ഭാഗമായി മാത്രമേ പരിശീലന പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് അനുമതിയുള്ളൂ (ഖണ്ഡിക 7.10). എന്നാൽ സാക്ഷരത പദ്ധതിയുടെ ഭാഗമായി തയ്യൽ പരിശീലനം നൽകിയതിന് ഹോണറേറിയം അനുവദിച്ചിട്ടുണ്ട്.

മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടാത്ത പ്രവർത്തനങ്ങൾക്കായി മേൽ ക്രമ നം. 1 മുതൽ 4 വരെയുള്ള 77,000/- രൂപ ചെലവഴിച്ചതിന് രേഖകൾ സഹിതം ഓഡിറ്റിന് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് എൻക്വയറി.നം.5/16-17/27.07.2017 നൽകിയെങ്കിലും വിശദീകരണം നൽകിയിട്ടില്ല. 77,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-13 ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി തുക പണമായി വിതരണം ചെയ്തു.

ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ക്ഷീര സംഘങ്ങളിൽ നൽകിയ പാലിന്റെ അളവിനനുസരിച്ച് സബ്സിഡി തുക നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | S-98/17 |
| പ്രോജക്ടിന്റെ പേര് | ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി |
| അടങ്കൽ | 37,90,380/- |
| ചെലവ് | 37,90,000/- |
| ബിൽ നം. | 07/16-17/31.03.2017 13,26,000/-(പ്ലാൻ ഫണ്ട്) |
| ചെക്ക് നം/തീയ്യതി | 821183/31.03.2017-8,64,000/-(ജില്ലാപഞ്ചായത്ത് വിഹിതം) |
| | 148331/31.03.2017- 16,00,000/-(ബ്ലോക്ക് വിഹിതം) |

ഗ്രാമപഞ്ചായത്തിലെ വാകേരി, വരദൂർ, നടവയൽ, പാമ്പ്ര എന്നീ ക്ഷീരസംഘങ്ങൾ വഴിയാണ് തുക വിതരണം ചെയ്തിട്ടുള്ളത്. ഇതിൽ നടവയൽ ക്ഷീരസംഘത്തിന് അനുവദിച്ച 1,95,487/- രൂപയുടെ സബ്സിഡി തുക

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നൽകുന്നതിന് പകരം നേരിട്ട് പണമായി വതരണം ചെയ്തു.

സബ്സിഡി ആനുകൂല്യം പണമായി വിതരണം ചെയ്തതിന് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി.നം.06/16-17/27.07.2017 ന് നൽകിയ മറുപടിയിൽ പ്രസ്തുത ഗുണഭോക്താക്കൾ സമയബന്ധിതമായി ബാങ്ക് അക്കൗണ്ട് ആരംഭിക്കാത്തതിനാലും ഉത്സവ ദിനത്തോടനുബന്ധിച്ച് വ്യക്തികൾക്ക് നേരിട്ട് നൽകുകയായിരുന്നുവെന്നും വിതരണത്തിൽ മറ്റ് അപാകതകൾ ഉണ്ടായിട്ടില്ലെന്നും വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 <u>എസ്.ടി സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് - തുടർ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുന്നില്ല.</u>

| | |
|---|---|
| പ്രോജക്റ്റ് നം. | S-238/17 |
| പ്രോജക്ടിന്റെ പേര് | എസ്.ടി. സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് |
| അടങ്കൽ | 4,82,667/-(വികസന ഫണ്ട്-ടി.എസ്.പി) |
| ചെലവ് | 1,60,000/- |
| ബിൽ നം. | 14/16-17/31.03.2017 |

ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്ത 16 പട്ടികവർഗ്ഗ സംഘങ്ങൾക്ക് 10,000/- രൂപാവീതം റിവോൾവിംഗ് ഫണ്ട് നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. വാഴ,ചേന,പയർ,ഇഞ്ചി എന്നിവ കൃഷി ചെയ്യുന്നതിനാണ് സംഘങ്ങൾക്ക് തുക വിതരണം ചെയ്തത്. പൂതാടി സർവ്വീസ് സഹ.ബാങ്കിൽ നിന്നും ലഭിക്കുന്ന ബാങ്ക് വായ്പ കൂടി കോർത്തിണക്കി പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത ബാങ്കിന്റെ 29.03.2017 ലെ കത്ത് പ്രകാരം 13സംഘങ്ങൾക്ക് ലോൺ അനുവദിച്ച് നൽകാൻ സന്നദ്ധമാണ് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ സംഘങ്ങൾ വായ്പ എടുത്തതിന്റെ രേഖകൾ ഫയലിൽ ഇല്ല. ജി.ഒ.(എം.എസ്).4/2016/ത.സ്വ.ഭ.വ തീയ്യതി 11.01.2016 ഖണ്ഡിക 11.4(v) മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വായ്പാധിഷ്ഠിത പദ്ധതികൾക്ക് സബ്സിഡി തുക ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകേണ്ടത്. എന്നാൽ സംഘങ്ങൾക്ക് ഡി.ഡി. യായി തുക കൈമാറുകയാണ് ചെയ്തിട്ടുള്ളത്. സംഘങ്ങൾ കൃഷി ചെയ്തതിന്റെയും കൃഷിയിലൂടെ ലഭിച്ച വരുമാനം ബാങ്ക് അക്കൗണ്ട് വഴി ഇടപാടുകൾ നടപ്പാക്കിയത് മോണിറ്ററിംഗ് റിപ്പോർട്ട് റിവോൾവിംഗ് ഫണ്ട് ഇനത്തിൽ നൽകിയ തുകയുടെ തുടർ വർഷങ്ങളിലുള്ള വിനിയോഗം (ഫണ്ട് റിവോൾവ് ചെയ്യൽ) സംഘങ്ങൾ മേൽ പദ്ധതി പ്രകാരം ഇടപാടുകൾ നടത്തിയ ബാങ്ക് പാസ് ബുക്കുകൾ എന്നിവ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-15 <u>ഫർണ്ണീച്ചർ വാങ്ങൽ - ഒരേ ഇനത്തിന് ലഭിച്ച ടെണ്ടറുകളിൽ വ്യത്യസ്ത നിരക്ക് രേഖപ്പെടുത്തിയത് അംഗീകരിച്ച് നൽകി.</u>

ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളിലെ കമ്മ്യൂണിറ്റി ഹാളുകൾക്ക് താഴെ പറയുന്ന പദ്ധതി പ്രകാരം ഫർണ്ണീച്ചറുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രോജക്റ്റ് നം. | S-242/17 |
| പ്രോജക്ടിന്റെ പേര് | കമ്മ്യൂണിറ്റി ഹാളുകൾക്ക് ഫർണ്ണീച്ചർ |
| അടങ്കൽ | 1,50,000/-(വികസന ഫണ്ട്-ടി.എസ്.പി) |
| ചെലവ് | 1,43,000/- |
| ബിൽ നം. | 15/16-17/31.03.2017 |

ഗ്രാമപഞ്ചായത്തിലെ 22 വാർഡുകളിലുമുള്ള പട്ടികവർഗ്ഗ കോളനികളിലെ കമ്മ്യൂണിറ്റി ഹാളുകൾക്ക് ഫർണ്ണീച്ചർ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ മണൽവയലിലെ പി.വി.എഞ്ചിനീയറിംഗ് വർക്സ് എന്ന സ്ഥാപനത്തിന് വിതരണാനുമതി നൽകി. മേൽ സ്ഥാപനം നൽകിയ ബിൽ പ്രകാരം (ബിൽ നം.27/28.03.2017) നീൽകമൽ ഫൈബർ ആംലെസ്സ് കസേര ഒന്നിന് 500/- രൂപയാണ് വില കണക്കാക്കിയത്. ഇപ്രകാരം 286 കസേരകൾക്ക് 1,43,000/- രൂപ മേൽ സ്ഥാപനത്തിന് നൽകി.

ഓഡിറ്റ് വർഷത്തിൽ ഹെഡ് മാസ്റ്റർ S-174/17 നം. പദ്ധതി പ്രകാരം സ്കൂൾകുട്ടികൾക്ക് കസേരകൾ വാങ്ങി നൽകിയിട്ടുണ്ട്. മേൽ സ്ഥാപനത്തിൽ നിന്നും വാങ്ങിയ കസേരകൾക്ക് ഒന്നിന് 488/- രൂപ (ബിൽ നം. 28/28.03.2017) ക്രമത്തിലാണ് വിതരണം ചെയ്തത്. മേൽ വാങ്ങലുകൾക്ക് ആധാരമായ ക്വട്ടേഷനുകൾ ഗ്രാമപഞ്ചായത്തിന്റെ 27.02.2017 ലെ 01/2017 നം തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഒരേ ഇനം സാധനങ്ങൾ വാങ്ങിയതിന് വ്യത്യസ്ത നിരക്കുകൾ രേഖപ്പെടുത്തിയതിന് അംഗീകാരം നൽകിയത് ശരിയായ നടപടിയല്ല. മേൽ സ്ഥാപനവുമായി നെഗോസിയേഷൻ നടത്തിയതിന്റെ രേഖകൾ ഇല്ല. അധിക നിരക്കിൽ സാധനങ്ങൾ വാങ്ങിയതിന്റെ വില 3,468/- രൂപ നിരാകരിക്കുന്നു. ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് രേഖകൾ സഹിതം വിശദീകരണം നൽകേണ്ടതാണ്.

## 3-16 ഗവ:ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള മരുന്ന് വാങ്ങൽ --മരുന്ന് ലഭ്യമാക്കിയിട്ടില്ല.

2016-17 വർഷം മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ പദ്ധതികളിൽ ചുവടെ പറയുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 127/16-17 |
| പ്രോജക്ട് | ഗവ:ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള മരുന്ന് വാങ്ങൽ |
| ഫണ്ടിനം | 2,37,000/- മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) |
| | 2,00,000/- ടി.എസ്.പി |
| അടങ്കൽ | 4,37,000/- |
| ചെലവ് | 4,37,000/- |
| ബിൽനം/തീയതി | 101125 തുക 2,00000/-രൂപ തീയതി 27.03.2017 |
| | 101126 തുക 2,37,000/-രൂപ തീയതി 27.03.2017 |

2016-17 ൽ മെഡിക്കൽ ഓഫീസർ (ഹോമിയോ), മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി 4,37,000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് നെഫ്റ്റ് പ്രകാരം മാനേജിംഗ് ഡയറക്ടർ, ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഇതുവരെ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ - 02 /16-17/25.07.2017 ന് മറുപടിയായി മരുന്ന് ലഭ്യമാക്കുന്നതിനായി 10.05.2017 ന് ഹോംകോയ്ക്ക് കത്ത് നല്കിയിട്ടുണ്ടെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്ന് ഇതുവരെ ലഭിക്കാത്തതിനാൽ ഈ പദ്ധതിക്കായി ചെലവഴിച്ച 4,37,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-17 പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കാത്തതിനാൽ അധികച്ചെലവ്

പഞ്ചായത്ത് തൻവർഷം പേമെന്റ് നല്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും കരാർ കാലാവധിയിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനുള്ള പിഴ ഈടാക്കിയിട്ടില്ല.

1)

| | |
|---|---|
| പ്രോജക്ടിന്റെ നം. പേര് | 151/15, കല്ലൂർക്കുന്ന് അങ്കണവാടി കെട്ടിടം നിർമ്മാണം (ഏകവർഷ പ്രോജക്ട്) |

| | |
|---|---|
| അടങ്കൽ | 6,50,000/- |
| കരാറുകാരൻ | ശ്രീ. പി.സി. ബിജു |
| കരാർ :നം. | 83/14-15/16.2.15 |
| കരാർ കാലാവധി | 31.3.2015 |
| യഥാർത്ഥ പൂർത്തീകരണ തിയ്യതി | 20.5.16 |
| അളവ് പുസ്തകം | 179/12-13 (പേജുകൾ 25-75) |
| ട്രഷറി ബിൽ നം. | 13/16-17/31.10.16 3,00,000/- രൂപ. |

കരാറിലോ, എഗ്രിമെന്റ് രജിസ്റ്ററിലോ പൂർത്തീകരണ തിയ്യതി (ഇപ്പോഴും) ചേർത്തിട്ടില്ല. ഏകവർഷ പ്രോജക്ടായി 2014-15 ൽ ടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെട്ട ഈ വർക്കിന്റെ പൂർത്തീകരണ കാലാവധി 31.3.15 ആണ്. എന്നാൽ വർക്ക് പൂർത്തീകരിച്ചത് ഒരു വർഷത്തിലധികം വൈകിയാണ്. പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിനായി കരാറുകാരൻ അപേക്ഷ സമർപ്പിച്ചതായി ഫയലിൽ രേഖകളില്ല. അനുമതി നൽകിയ പഞ്ചായത്ത് തീരുമാനവും ഫയലിൽ ഇല്ല. ഈ രേഖകളുണ്ടെങ്കിൽ ഓഡിറ്റിൽ ഹാജരാക്കണമെന്ന് ഓഡിറ്റ് എൻക്വയറി.(നം. 09/2016-17/31-07-2017) മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി നല്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ബിൽ തുക അനുവദിച്ചപ്പോൾ കരാർ വ്യവസ്ഥകൾ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിനുള്ള പിഴ ഈടാക്കിയിട്ടില്ല. ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

കരാർ തിയ്യതി -16.2.15

പൂർത്തീകരണ തിയ്യതി - 31.3.15

കരാർ വ്യവസ്ഥ പ്രകാരം പിഴ കൂടാതെ അനുവദിക്കാവുന്ന

ദീർഘീകരണ കാലയളവ് (43*20%=8.6=9 ദിവസം) - 09.4.15 വരെ

ഈടാക്കേണ്ടിയിരുന്ന പിഴ

| | |
|---|---|
| 10.4.15 മുതൽ 9.7.15 വരെ | കരാർ തുകയുടെ 1% - 6500/- |
| 10.7.15 മുതൽ 9.10.15 വരെ | കരാർ തുകയുടെ 2% - 13000/- |
| 10.10.15 മുതൽ 9.1.16 വരെ | കരാർ തുകയുടെ 2% - 13000/- |
| 10.1.16 മുതൽ 9.4.16 വരെ | കരാർ തുകയുടെ 2% - 13000/- |
| 10.4.16 മുതൽ 20.5.16 വരെ | കരാർ തുകയുടെ 2% - 6644/- |
| ആകെ | 52,144/- |

ബിൽ തുക അനുവദിച്ചപ്പോൾ വസൂലാക്കാതിരുന്ന പിഴ തുക 52,144/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

2)

| | |
|---|---|
| പ്രോജക്ടിന്റെ നം. പേര് | 151/15, കല്ലൂർക്കുന്ന് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മാണം (3 എണ്ണം ഏകവർഷ പ്രോജക്ട്) |
| അടങ്കൽ | 19,50,000/-(പി.എ.സി. തുക 18,52,500/- ) |
| കരാറുകാരൻ | സു.ബത്തേരി ലേബർ കോൺട്രാക്ട് കൺസ്ട്രക്ഷൻ സൊസൈറ്റി. 5%കുറവ് |

| | |
|---|---|
| കരാർ :നം. | 98/14-15/09.3.15 |
| കരാർ കാലാവധി | 31.3.2015 |
| യഥാർത്ഥ പൂർത്തീകരണ തിയ്യതി | 11.5.16(പേജ് 48, അളവ് പുസ്തകം 156/15-16) |
| അളവ് പുസ്തകം | 155/15-16, 156/15-16, 159/15-16 |
| ട്രഷറി ബിൽ നം. | 13/16-17/31.10.16 3,00,000/- രൂപ. |

കരാറിലോ, എഗ്രിമെന്റ് രജിസ്റ്ററിലോ പൂർത്തീകരണ തിയ്യതി (ഇപ്പോഴും) ചേർത്തിട്ടില്ല. ഏകവർഷ പ്രോജക്ടായി 2014-15 ൽ ടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെട്ട ഈ വർക്കിന്റെ പൂർത്തീകരണ കാലാവധി 31.3.15 ആണ്. എന്നാൽ വർക്ക് പൂർത്തീകരിച്ചത് ഒരു വർഷത്തിലധികം വൈകിയാണ്. പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിനായി കരാറുകാരൻ അപേക്ഷ സമർപ്പിച്ചതായി ഫയലിൽ രേഖകളില്ല. അനുമതി നല്കിയ പഞ്ചായത്ത് തീരുമാനവും ഫയലിൽ ഇല്ല. ഈ രേഖകളുണ്ടെങ്കിൽ ഓഡിറ്റിൽ ഹാജരാക്കണമെന്ന് ഓഡിറ്റ് എൻക്വയറി.(നം. 09/2016-17/31-07-2017)മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി നല്കുകയോ, രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ബിൽ തുക അനുവദിച്ചപ്പോൾ കരാർ വ്യവസ്ഥകൾ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിനുള്ള പിഴ ഈടാക്കിയിട്ടില്ല. ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

കരാർ തിയ്യതി - 09.3.15

പൂർത്തീകരണ തിയ്യതി - 31.3.15

കരാർ വ്യവസ്ഥ പ്രകാരം പിഴകൂടാതെ അനുവദിക്കാവുന്ന

ദീർഘീകരണ കാലയളവ് (23*20%=4.6=5 ദിവസം) - 05.4.15 വരെ

ഈടാക്കേണ്ടിയിരുന്ന പിഴ

| | |
|---|---|
| 06.4.15 മുതൽ 5.7.15 വരെ | കരാർ തുകയുടെ 1% - 18,525/- |
| 06.7.15 മുതൽ 05.10.15 വരെ | കരാർ തുകയുടെ 2% – 37,050/- |
| 06.10.15 മുതൽ 5.1.16 വരെ | കരാർ തുകയുടെ 2% – 37,050/- |
| 06.1.16 മുതൽ 05.4.16 വരെ | കരാർ തുകയുടെ 2% – 37,050/- |
| 06.4.16 മുതൽ 11.5.16 വരെ | കരാർ തുകയുടെ 2% - 14,820/- |
| ആകെ | 1,44,995/- |

പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കാതെ ബിൽ തുക അനുവദിച്ചതിനാൽ അധികച്ചെലവുണ്ടായിട്ടുണ്ട്. ബിൽ തുക അനുവദിച്ചപ്പോൾ വസൂലാക്കാതിരുന്ന പിഴ തുക 1,44,995/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-18 എല്ലക്കൊല്ലി കോളനി റോഡ് ടാറിംഗ്- ടെണ്ടർ എടുത്ത് കരാർ വെച്ച ശേഷം എസ്റ്റിമേറ്റ് പുതുക്കിയത്- സംബന്ധിച്ച്.

| | |
|---|---|
| പ്രോജക്റ്റ് നം. | 270/17 എല്ലക്കൊല്ലി കോളനി റോഡ് ടാറിംഗ് |
| അടങ്കൽ | 500,000/- |
| കരാറുകാരൻ | ശ്രീ. അരുൺ ടി.കെ. (എസ്റ്റിമേറ്റ് നിരക്ക്) |
| കരാർ നം. | 120/14-15/30.3.15 |
| അളവ് പുസ്തകം | 114/15-16 (പേജുകൾ 1 -19) |
| വൗച്ചർ നം. | 143/15-16/31.3.16 1,99,166/-രൂപ. |

| | |
|---|---|
| ട്രഷറി ബിൽ നം. | 40/16-17/31.3.17 2,00,000/- രൂപ. |
| | 42/16-17/31.3.17 1,00,000/- രൂപ. |
| ആകെ ചെലവ് | 4,99,166/- രൂപ |

റോഡ് 340 മീറ്റർ ദൂരം ടാറിംഗ് നടത്തുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പാച്ച് സോളിംഗ് നടത്തുന്നതിനും, അതിനുമേലെ മെറ്റലിംഗ്, ടാറിംഗ് എന്നിവ നടത്താനുമാണ് പദ്ധതി. എന്നാൽ ടെണ്ടർ എടുത്ത ശേഷം കയറ്റ ഭാഗത്ത് റോളർ കയറില്ല എന്ന കാരണത്താൽ എസ്റ്റിമേറ്റ് ഭാഗികമായി പുതുക്കി 98 മീറ്റർ ദൂരം കോൺക്രീറ്റിംഗും, 153 മീറ്റർ ദൂരം ടാറിംഗുമായി പ്രവൃത്തി നടപ്പാക്കി (ആകെ പ്രവൃത്തി നടത്തിയ ദൂരം 251മീറ്ററായി കുറയുകയും ചെയ്തു). എസ്റ്റിമേറ്റ് പുതുക്കുന്നതിനായി അസി.എഞ്ചിനീയർ നൽകിയതായി പഞ്ചായത്ത് തീരുമാനത്തിൽ (നം.198/28.1.16) പരാമർശിക്കുന്ന കത്ത്/റിപ്പോർട്ട് ഫയലിൽ ഇല്ല. ഈ പദ്ധതിയിൽ ഇക്കാരണത്താൽ എസ്റ്റിമേറ്റ് പുതുക്കിയത് ശരിയല്ല എന്ന് ഒറിജിനൽ എസ്റ്റിമേറ്റ് തന്നെ വ്യക്തമാക്കുന്നു. ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം നിലവിലെ സോളിംഗിലെ കേടുപാടുകൾ ഉള്ളിടത്ത് പാച്ച് സോളിംഗ് ചെയ്ത ശേഷം 340 മീറ്റർ ദൂരം മെറ്റലിംഗ് നടത്തി, ടാറിംഗ് നടത്തണം. സോളിംഗ് ചെയ്ത സ്ഥലമായതിനാൽ റോളർ കയറില്ല എന്ന കാരണത്തിന്റെ സാംഗത്യം വ്യക്തമാകുന്നില്ല. അസി.എഞ്ചിനീയറും, സെക്രട്ടറിയും, ഓഡിറ്റും സംയുക്തമായി 31.7.17ന് നടത്തിയ സ്ഥലപരിശോധനയിൽ ടാറിംഗ് ഇനിയും നടത്താനവശേഷിക്കുന്ന കയറ്റ ഭാഗത്ത് 90 മീറ്ററോളം നിലവിൽ സോളിംഗ് ഉള്ളതായി കണ്ടു. ഇതിൽനിന്നും ഒറിജിനൽ എസ്റ്റിമേറ്റിൽ പ്രതിപാദിക്കും വിധം സോളിംഗ് നടത്തിയ സ്ഥലമായിരുന്നു ഇതെന്ന് കാണുന്നു.

അധികച്ചെലവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ) കോൺക്രീറ്റിംഗ് - അനുവദിച്ച തുക

1:4:8 അനുപാത കോൺക്രീറ്റ് 98*2.5*0.10= 24.5 ഘ.മീ.@5461/ഘ.മീ.=133794/- രൂപ.

1:2:4 അനുപാത കോൺക്രീറ്റ് 98*2.5*0.08=19.6 ഘ.മീ.@7800/ഘ.മീ.=152880/- രൂപ.

ആകെ - 2,86,674/രൂപ (1,33,794+1,52,880/-)

ബി) ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം 98മീറ്റർ ദൂരം 2.5 മീറ്റർ വീതിയിൽ( 245 ച.മീ.) ടാറിംഗിന് വേണ്ടി വരുന്ന ചെലവ് വിവരം താഴെകൊടുക്കുന്നു.

| ഇനം | അളവ് | നിരക്ക്/ യൂണിറ്റ് | ചെലവ് തുക |
|---|---|---|---|
| 36 മി.മീ. കല്ല് | 98*2.5*0.1=24.5 ഘ.മീ. | 1178/ഘ.മീ. | 28861 |
| റെഡ് ഏർത്ത് | 245*0.015=3.675 ഘ.മീ. | 376/ഘ.മീ | 1381.8 |
| 12 മി.മീ. കല്ല് | 98*2.5*0.027=6.615 ഘ.മീ. | 2861/ഘ.മീ | 18925.52 |
| 6 മി.മീ. കല്ല് | 98*2.5*0.009=2.205 ഘ.മീ. | 2760/ഘ.മീ | 6085.8 |
| മെറ്റലിംഗ് | 98*2.5=245ച.മീ. | 959/10ച.മീ. | 23495.5 |
| ചിപ്പിംഗ് കാർപ്പറ്റ് | 98*2.5=245ച.മീ. | 1967/10ച.മീ. | 48191.5 |
| ആകെ | | | 126941.12 |

അധികച്ചെലവ് 286674 – 126941 =159733/- രൂപ.

മേൽ അപാകത സംബന്ധിച്ച് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/2016-17/31-07-2017) മറുപടി നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രകാരം അധികം ചെലവഴിക്കേണ്ടി വന്ന തുക 1,59,733/- രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്തുന്നു. ഒടുക്ക്

വിവരം അറിയിക്കേണ്ടതാണ്.

## 3-19 നെയ്യപ്പ കോളനി പുഴയുടെ സൈഡ് സംരക്ഷണം- കമ്പി വാങ്ങിയത്- കൺവീനറുടെ ചെലവിനേക്കാൾ കൂടുതൽ തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം. | 207/17 നെയ്യപ്പ കോളനി പുഴയുടെ സൈഡ് സംരക്ഷണം |
| അടങ്കൽ | 504,009/- |
| കൺവീനർ | മഞ്ജു പദ്യ. |
| കരാർ :നം. | 109/14-15/25.3.15 |
| അളവ് പുസ്തകം | 143/12-13 (പേജുകൾ 15 -31) |
| ട്രഷറി ബിൽ നം. | 02/16-17/31.10.16 4,65,595/- രൂപ. |

ഈ വർക്കിൽ കൺവീനറുടെ ചെലവ് കണക്കുകൾ പ്രകാരം ആകെ ചെലവ് 4,65,843/- രൂപയാണ്. ഇതിൽ1721.4 കിലോ ഗ്രാം കമ്പി വാങ്ങിയതിന്റെ വില 68,975/- രൂപയും ഉൾപ്പെടുന്നു. കമ്പി വാങ്ങിയത് താഴെപ്പയറയും പ്രകാരം 40രൂപ/കി.ഗ്രാം., 38.5രൂപ/കി.ഗ്രാം. തോതിലാണ്.

| ക്രമ നം. | ബിൽ നം.തിയ്യതി | തുക | കുറിപ്പുകൾ |
|---|---|---|---|
| 1 | 602/2.3.16 (പി.പി. സ്റ്റീൽസ്, കേണിച്ചിറ) | 59188 | 1467.2 കിലോ ഗ്രാം കമ്പി @ 40/ കി.ഗ്ര=58688/-രൂപ,<br>10 കി.ഗ്രാ.കെട്ടുകമ്പി @50/ കി.ഗ്ര.= 500/- രൂപ |
| 2 | 602/2.3.16 (പി.പി. സ്റ്റീൽസ്, കേണിച്ചിറ) | 9787 | 254.2 കിലോ ഗ്രാം കമ്പി @ 38.5/ കി.ഗ്രാം |
| ആകെ | | 68975 | |

എന്നാൽ എസ്റ്റിമേറ്റിൽ നിരക്ക് കണക്കാക്കിയതിൽ ഉൾപ്പെട്ട കമ്പി വില 5210/ക്വിന്റൽ ആണ്. വർക്ക് ബിൽ പ്രകാരം കമ്പിയുടെ ആവശ്യകത 14.41 ക്വിന്റൽ ആണ്. അതനുസരിച്ചുള്ള അധിക മൂല്യനിർണ്ണയത്തിന്റെ വിവരം താഴെക്കൊടുക്കുന്നു.

എ) 14.41 ക്വിന്റൽ കമ്പിക്ക് 40/ കി.ഗ്രാം. തോതിൽ അനുവദിക്കാവുന്ന തുക - 57,640/-രൂപ.

ബി)10 കി.ഗ്രാ.കെട്ടുകമ്പിക്ക് 50/ കി.ഗ്രാം. തോതിൽ അനുവദിക്കാവുന്ന തുക - 500/- രൂപ

ആകെ - 58,140/-രൂപ

സി) മൂല്യനിർണ്ണയത്തിൽ ഉൾപ്പെട്ട14.41 ക്വിന്റൽ കമ്പിവില @5210/ക്വിന്റൽ - 75,076/- രൂപ

അതനുസരിച്ച് അധികമായി അനുവദിച്ച തുക ( 75076 - 58140=) 16,936/- രൂപ.

മേൽ അപാകത സംബന്ധിച്ച് വിശദീകരണം നല്കണമെന്നും ബന്ധപ്പെട്ട രേഖകളുണ്ടെങ്കിൽ ഓഡിറ്റിൽ ലഭ്യമാക്കണമെന്നും ഓഡിറ്റ് എൻക്വയറി.നം. 20/2016-17/01-08-2017 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടിയൊന്നും നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ കമ്പി വാങ്ങുന്നതിന് ഗുണഭോക്തൃസമിതിക്ക് ചെലവായ തുകയിൽ പരിമിതപ്പെടുത്തി ബിൽതുക അനുവദിക്കാതിരുന്നതിനാൽ ഉണ്ടായ അധികച്ചെലവ് 16,936/- രൂപ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്തുന്നു. തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| --ഇല്ല-- | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവന നിർമ്മാണം | | 399570002 | 9162502 | 8030386 | 0 | 1132116 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 17500 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 17500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 17500 |

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡികനമ്പർ | തുക | രശീത് നമ്പർ/തീയതി |
|---|---|---|---|
| 2006-07 | 3-1,3-2 | 4287 | 11602101564/23.07. 2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | 3-1 | 2015-16 | 8-22 | ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് സംബന്ധിച്ച് | വയറിംഗ് പ്രവൃത്തികൾക്ക് 2016-17 പദ്ധതി പ്രകാരം 67,50,000/- രൂപ ഇലക്ട്രിക് വിഭാഗത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 148106983 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 142071114 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 568 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 436840 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 19618116 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 568 | | ശ്രീ.സിബി വർഗ്ഗീസ്, സെക്രട്ടറി |
| 3-12 | | 77,000 | ശ്രീമതി.ആലീസ് ഷേർലി, ഹെഡ് മിസ്ട്രസ്സ് |
| 3-15 | | 3,468 | ശ്രീമതി.കെ.മിനി, അസി.സെക്രട്ടറി |
| 3-17(1) | | 52,144 | ശ്രീ.ദൊരൈസാമി അസി.എഞ്ചിനീയർ |
| 3-17(2) | | 144495 | ശ്രീ.ദൊരൈസാമി, അസി.എഞ്ചിനീയർ |
| 3-18 | | 1,59,733 | ശ്രീ.എൻ.പ്രശാന്ത്, അസി.എഞ്ചിനീയർ |
| 3-19 | | 16,936 | ശ്രീ.ദൊരൈസാമി, അസി.എഞ്ചിനീയർ |
| ആകെ | | 436840 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1 | 1,60,000 | ഡോ.പോൾ വി.ജെ<br>മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| 3-2 | 3,93,750 | ഡോ.പോൾ വി.ജെ<br>മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| 3-3 | 80,30,386 | ശ്രീ.ജോയ് ജോൺ, സെക്രട്ടറി |
| 3-5 | 4,02,700 | ഡോ.പോൾ വി.ജെ<br>മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| 3-6 | 39,00,000 | ശ്രീ.ജോയ് ജോൺ, സെക്രട്ടറി |
| 3-7 | 2,00,000 | ശ്രീ.ബിനോയ് അഗസ്റ്റ്യൻ<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-8 | 25,02,688 | ശ്രീമതി.സിന്ധു.കെ.പി<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-9 | 8,68,342 | ശ്രീമതി.സിന്ധു.കെ.പി<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-10 | 24,44,450 | ഡോ.മോഹനൻ<br>മെഡിക്കൽ ഓഫീസർ,ആയുർവ്വേദം |
| 3-11 | 118800 | ശ്രീ.ജോയ് ജോൺ, സെക്രട്ടറി |
| 3-14 | 160000 | ശ്രീമതി.കെ.മിനി, അസി.സെക്രട്ടറി |
| 3-16 | 437000 | ഡോ.പ്രേമചന്ദ്രൻ<br>മെഡിക്കൽ ഓഫീസർ,ഹോമിയോ |
| ആകെ | 19618116 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ.നം. | പേര്,തസ്തിക | ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീ.ദൊരൈസാമി<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ<br>വെള്ളമുണ്ട | പൈങ്ങാട്ടിരി, നല്ലൂർനാട് പി.ഒ.<br>മാനന്തവാടി |
| 2 | ശ്രീ.സിബി വർഗ്ഗീസ്<br>സെക്രട്ടറി | സെക്രട്ടറി<br>മീനങ്ങാടി ഗ്രാമപഞ്ചായത്ത് | കുറുവൻതാനത്ത്, വാഴവറ്റ പി.ഒ |

| | | | |
|---|---|---|---|
| 3 | ആലീസ് ഷേർലി<br>ഹെഡ് മിസ്ട്രസ്സ് | ഹെഡ് മിസ്ട്രസ്സ്<br>ജി.എൽ.പി.എസ്, ചുള്ളിയോട് | കുലവേലിൽ, കരുവള്ളിക്കുന്ന്, ഓടപ്പള്ളം, സു.ബത്തേരി |
| 4 | ശ്രീമതി.കെ.മിനി<br>അസി.സെക്രട്ടറി | അസി,സെക്രട്ടറി<br>പൂതാടി ഗ്രാമപഞ്ചായത്ത് | താപ്പള്ളി, കണിയാമ്പറ്റ പി.ഒ |
| 5 | ശ്രീ.എൻ.പ്രശാന്ത്<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ<br>മാനന്തവാടി നഗരസഭ | നെല്ലിവയൽ, കരണി പി.ഒ<br>വരദൂർ,മീനങ്ങാടി |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1990-91 | നം.എൽ.എഫ്.(ഡബ്ല്യൂ)പി3-383/96/22.08.08 |
| 1991-92 | നം.എൽ.എഫ്.(ഡബ്ല്യൂ)പി4-127/05(3)/19.08.2008 |
| 1992-93 | നം.എൽ.എഫ്.(ഡബ്ല്യൂ)പി4-140/05/19.08.08 |
| 1996-97 | നം.എൽ.എഫ്.(ഡബ്ല്യൂ)പി3-542/08/20.08.08 |
| 1997-98 | നം.എൽ.എഫ്.(ഡബ്ല്യൂ)പി1-401/2000(9)/01.08.2000 |
| 1998-99 | നം.എൽ.എഫ്.(ഡബ്ല്യൂ)പി1-126/20001/19.12.01 |
| 1999-2000 | നം.എൽ.എഫ്.(ഡബ്ല്യൂ)പി4-595/2004(1)/8.02.05 |
| 2000-01 (പ്ലാൻ) | നം.എൽ.എഫ്.(ഡബ്ല്യൂ)പി5-289/04/15.03.15 |
| 2000-01 | നം.എൽ.എഫ്.(ഡബ്ല്യൂ)പി4-365/05/07.01.08 |
| 2001-02 | നം.എൽ.എഫ്.(ഡബ്ല്യൂ)പി4-142/06 /14.02.2008 |
| 2002-03 | നം.എൽ.എഫ്.(ഡബ്ല്യൂ)പി4-24/07/13.03.08 |
| 2003-04 | നം.എൽ.എഫ്.(ഡബ്ല്യൂ)പി4-1180/08/05.03.09 |
| 2004-05 | നം.എൽ.എഫ്.(ഡബ്ല്യൂ)പി4-1181/08/05.03.09 |
| 2005-06 | നം.എൽ.എഫ്.(ഡബ്ല്യൂ)പി4-1182/08/03.02.09 |

| | |
|---|---|
| 2006-07 | നം.എൽ.എഫ്.(ഡബ്ല്യു)പി4-121/11/23.12.11 |
| 2007-08 | നം.എൽ.എഫ്.(ഡബ്ല്യു)പി4-122/11/08.03.11 |
| 2008-09 | നം.എൽ.എഫ്.(ഡബ്ല്യു)പി4-1475/12/15.05.12 |
| 2009-10 | നം.എൽ.എഫ്.(ഡബ്ല്യു)പി4-760/12/17.05.13 |
| 2010-11 | നം.എൽ.എഫ്.(ഡബ്ല്യു)പി5-09/15/20.04.15 |
| 2011-12,2012-13 | നം.എൽ.എഫ്.(ഡബ്ല്യു)പി5-584/14/17.11.14 |
| 2013-14 | നം.എൽ.എഫ്.(ഡബ്ല്യു)പി.4-404/15/10.03.16 |
| 2014-15 | നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി)പി-4/457/16 /15.07.16 |
| 2015-16 | നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി).പി.4/838/16/16.12.2016 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്, വയനാട്.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പ4-461/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ.

പിൻ -673121

തിയ്യതി : 30/08/2017.

Email- dowyd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് വകുപ്പ് നിയമത്തിൻെറ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ പൂതാടി ഗ്രാമപഞ്ചായത്തിൻെറ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എൻെറ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എൻെറ അഭിപ്രായത്തിൽ പൂതാടി ഗ്രാമപഞ്ചായത്തിൻെറ 2016-17 ലെ വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

AUDIT CERTIFICATE

No. KSA.(WYD) P4-461/17

Kerala State Audit Department
District Audit Office,
Wayanad, Kalpetta ,
Dated: 30/08/2017
Email- dowyd.ksad@kerala.gov.in

CERTIFICATE

Certified that I have audited the Annual Financial Statement of Poothadi GramaPanchayat in Wayanad District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the financial statements of Poothadi Gramapanchayat for the year 2016-17, except the observations in My audit report, properly presents the picture of income and expenditure.

Deputy Director
District office, Wayanad.